# ലക്ഷ്മീഭായി


| പുസ്തകം ൩൧ | ൧൧൧൦ ഇടവം | ലക്കം ൨ |
| --- | --- | --- |


## മംഗളം

ലക്ഷ്മീശൻ സവ്വവൎണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷസ്സൊയ്യുന്നെ ദീക്ഷിച്ചമരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവൎണ്ണാവലിപരിവിലസൽപത്രവൃന്ദം പെട്ടന്നീ-
'ലക്ഷ്മീഭായി'ക്കു വേണ്ടും നിഖിലഗുണകലാപൂത്തിയെച്ചേത്തിടട്ടെ.

കവിസാവ്വഭൌമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

---

## ഭായ്യയുടെ സ്വാതന്ത്ര്യവും ബാദ്ധ്യതയും

പുരുഷന്മാൎക്കുള്ളതുപോലെയോ അതിലധികമായൊ സ്വാതന്ത്ര്യം സ്ത്രീകൾക്കുണ്ടായിരിക്കുന്നതിൽ ലോകശാസ്ത്രപ്രകൃതിഗോചരങ്ങളായ പ്രമാണങ്ങൾ ധാരാളമുണ്ട്. ഈ വിഷയത്തിൽ നവീനപണ്ഡിതന്മാർ പ്രകാശിപ്പിക്കുന്ന സ്വാതന്ത്ര്യവാദത്തിൻെറ തിക്ഷ്ണത സഹിക്കാതെ യുക്തിയുക്തങ്ങളും ശാസ്ത്രീയങ്ങളുമായ ന്യായങ്ങളെക്കൊണ്ട് അതിനെ ഖണ്ഡിക്കുന്ന വിദ്വാന്മാരുടെ ആശയഗതിയെപ്പററി ആദ്യമായി ഇവിടെ നിരൂപണംചെയ്യുന്നു. അവർ കേവലം പ്രായോഗികമാ

യ അംശത്തിലാണ് മനസ്സിരുത്തുന്നത്. "സ്ത്രീ എന്ന ഒരു ജാതിയെ സംബന്ധിച്ചതായ സാമാന്യയുക്തികൾക്കു പ്രാമാണ്യം നല്കുന്നതിൽ ലൌകികമായ ഉപയോഗമൊന്നുമില്ല. വ്യക്തിയെസംബന്ധിച്ചാണ് ലോകയാത്രയുടെ എല്ലാവശവും പ്രകാശിക്കുന്നത്. ഇന്ദ്രിയങ്ങൾക്കതീതമായ ജാതിസ്വഭാവത്തിന്റെ പൎയ്യവേക്ഷണം ഇവിടെ ആവശ്യകമല്ല. സ്ത്രീജാതിക്കു പരിപൂൎണ്ണസ്വാതന്ത്ര്യം ആവാമെന്നുവെച്ചു സ്ത്രീവ്യക്തികളിൽ അതിനെ അനുവദിക്കുന്നതു യുക്തമല്ല. ജീവിതത്തിന്റെ എല്ലാവികല്പങ്ങളിലും പ്രകൃതിയുടെ സ്വഭാവഗതിയെ അതിക്രമിക്കുന്നവിധത്തിലാണ് മനുഷ്യജീവിതത്തിന്റെ സ്വരൂപസംഘടനം. പ്രാകൃതമായ ആശ്രയത്തിൽനിന്നു നിരൂപണംചെയ്യപ്പെടുന്ന നിയതിയുടെ സ്വഭാവം എപ്പോഴും ലൌകികാനുഭവക്രമങ്ങളെ നിയന്ത്രണംചെയ്യുന്നതിൽ സമൎത്ഥമല്ല. അതുകൊണ്ടു സ്ത്രീവ്യക്തികൾക്കു സ്വാതന്ത്ര്യമധികംവേണമെന്നുള്ള നവീനാഭിപ്രായത്തെ അനുഭവത്തോടു ചേൎത്തി വിശകലനംചെയ്തുപോകുമ്പോൾ ഭാൎയ്യാപുത്രീസോദരി ഇത്യാദിയായ നമ്മുടെ സംബന്ധികൾക്കു സംഭവിക്കാൻപോകുന്ന ഒരു വ്യത്യാസത്തെയാണ് തെളിഞ്ഞുകാണുന്നത്. ഭാൎയ്യാസ്വാതന്ത്ര്യം എന്നുള്ള പരിമിതിയിലായി ഇപ്പോൾ സ്ത്രീസ്വാതന്ത്ര്യവാദവിഷയം."

ഭൎത്താവിനുള്ളത്ര സ്വാതന്ത്ര്യം ഏതുവിഷയത്തിലും ഭാൎയ്യയ്ക്കുമുണ്ടെന്ന നിലവന്നാൽ ആ ദാമ്പത്യത്തിന്റെ സ്വരൂപം എങ്ങിനെയിരിക്കുമെന്നാണ് നാം ഇവിടെ ആലോചിക്കേണ്ടത്. രേഖാമൂലവും നിയമപ്രയുക്തവുമല്ലാത്ത ഒരു പ്രാകൃതമായ സ്ത്രീപുരുഷബന്ധത്തിന്ന് ഉറച്ച ഉപപത്തിയും ശാസ്ത്രാദിസംവാദവുമുണ്ട്. അ

തിന്നു പ്രകൃതിയിൽതന്നെയാണല്ലൊ അടിയുറപ്പ്. സ്വാഭാവികമായ വിഷമഭാവത്തിൽ സംഭവിക്കുന്ന പരസ്പരഗുണസംക്രമണംനിമിത്തമുള്ള പരസ്പരാകൎഷണശക്തിയുടെ തോതിന്നനുസരിച്ച സ്ത്രീപുരുഷബന്ധത്തിന്നു വരാവുന്ന വൈചിത്ര്യം അസംഖ്യമാകുന്നു. ഓരോരുത്തൎക്കും ഓരോവിധത്തിലാണ് ദാമ്പത്യബന്ധമെന്നുള്ള അനുഭവം ഒരിക്കലും മറിച്ചാവാത്ത ഒരു തത്വമാകുന്നു. അപ്പോൾ എന്റെ ഭാൎയ്യക്ക് എന്നോളം സ്വാതന്ത്ര്യം പാടുണ്ടോ എന്ന് ഓരോരുത്തരും ചോദിക്കുന്നത് ഓരോ വികല്പത്തെ ആശ്രയിച്ചിരിക്കാനെ തരമുള്ളു എന്നുവരുന്നു. അങ്ങിനെ അനുവദിക്കപ്പെടുന്ന സ്വാതന്ത്ര്യം ദേശകാലനിമിത്തങ്ങൾക്കനുസരിച്ചുള്ള ഭൎത്താവിന്റെ ജീവിതപ്രകാരഭേദത്തിന്റെ പരിധിയിലടങ്ങാത്തതായിവരില്ലെന്നാണ് സിദ്ധാന്തം. ഭൎത്താവിന്റെ സ്ഥാനവും ഭാൎയ്യയുടെ സ്ഥാനവും ബിംബവും പ്രതിബിംബവുമാകുന്നു. ഒന്നിലുള്ള വിശേഷം മറേറതിലും പ്രകാശിക്കുന്നതാണ്. സ്വതന്ത്രയായ ഭാൎയ്യ തന്റെ ആ നിലയെ രക്ഷിക്കുന്നതിന്ന് അനുകൂലമായ ഭാവത്തെ ഭൎത്താവിങ്കൽ കാണുകയും അതിനെ നിലനിൎത്തി വൎദ്ധിപ്പിക്കാനുപയുക്തമായ വിധത്തിൽ തന്റെ സ്വാതന്ത്ര്യത്തെ പ്രയോഗിക്കയും ചെയ്തുകൊള്ളുമെന്നുള്ളതിന്നു സംശയമില്ല. ദാംപത്യം വിരസമൊ കലുഷമൊ ആയിത്തീരുന്നതിന്നു ഭാൎയ്യാസ്വാതന്ത്ര്യം ഒരു ഹേതുവാണെന്നുള്ള വാദം ഇങ്ങിനെ നിൎമ്മൂലമാണെന്നു തെളിയുന്നുണ്ട്. സ്ത്രീസ്വാതന്ത്ര്യമധികമുള്ള ചില ജാതിക്കാരുടെ ഭാൎയ്യാഭൎത്തൃബന്ധത്തിന്നും പ്രേമവ്യവഹാരങ്ങൾക്കും അതു കുറഞ്ഞ ജാതിക്കാരുടെ അതുകൾക്കും തമ്മിൽ അനുഭവത്തിൽ വ്യത്യാസമുണ്ടെന്നു പറകവയ്യ. ഭൎത്താവിന്റെ ഹിതത്തിന്നനുസരിച്ചല്ല

ഭാൎയ്യയുടെ പ്രവൃത്തി എന്നുവരുന്നദിക്കിൽ അതിനെത്തടയുവാനൊ മററൊ ഭൎത്താവിന്നു സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതല്ലെ എന്നാണ് ഒരു ചോദ്യം. ഇതിന്നു സമാധാനമായി പറയാനുള്ളത് ഈ ചോദ്യത്തെ അങ്ങോട്ടു തിരിച്ചുവെച്ചാൽ മതിയെന്നാണ്. ഭൎത്താവിന്റെ ദുസ്സ്വഭാവങ്ങളെത്തടയുന്നതിന്നും സാദ്ധ്യമല്ലെങ്കിൽ ഒഴിയുന്നതിന്നുമുള്ള സ്വാതന്ത്ര്യം ഭാൎയ്യക്കിപ്പോളില്ലെന്നാണ് കാണുന്നത്. അതുണ്ടാവാനനുവദിക്കുന്നപക്ഷം ഭൎത്താവിന്ന് ഇപ്പോളുണ്ടെന്നു കാണുന്ന സ്വാതന്ത്ര്യത്തിന്മേൽ ഭാൎയ്യക്കുള്ള ആക്ഷേപം തീരുന്നതുമാണ്. യഥാൎത്ഥത്തിൽ സ്വാതന്ത്ര്യമെന്നതു സാമൎത്ഥ്യത്തിന്റെ സീമയിൽനിന്നപ്പുറത്തുറച്ചുനില്ക്കുന്ന ഒരു ഭാവമല്ല. അതു ശക്തിയുള്ളതിന്റെ തോതിൽനിന്നതിക്രമിച്ചാൽ അതിന്റെ ആശ്രയഭൂതനായ ആൾക്കുതന്നെ ദുഃഖഹേതുവായിത്തീരും. അവനവന്നു ദുഃഖപ്രദമായ മാത്രയിൽ സ്വാതന്ത്ര്യത്തെ വെച്ചുപുലൎത്തുന്നതിന്നു ഭാൎയ്യയും ഭൎത്താവും ഇഷ്ടപ്പെടുകയില്ല. പരിപൂൎണ്ണവും നിത്യവുമായ സ്വാതന്ത്ര്യത്തെപ്പറ്റിയല്ല ഇവിടെ പ്രസ്താവിക്കുന്നതെന്നോൎമ്മവേണം. ദാംപത്യബന്ധത്തിന്നു മുഖ്യമായ പ്രയോജകം പ്രേമം എന്നൊന്നു വേറെയുണ്ടെന്നും ഇവിടെ മറന്നുകൂടാത്തതാണ്. പ്രേമാനുബദ്ധമായ സ്വാതന്ത്ര്യം പരസ്പരാനുകൂലമായിട്ടല്ലാതെ വരികയില്ലെന്നു സമാധാനിക്കാൻ ധാരാളം അവകാശമുണ്ട്. സാമുദായികധൎമ്മബന്ധത്താൽമാത്രം നിലനില്ക്കുന്നതായ ദാംപത്യത്തിൽ ഭാൎയ്യാഭൎത്താക്കന്മാർ നീരസമായ ഒരു ജീവിതത്തെ നയിക്കുകയാകുന്നു. ഇതിൽനിന്നുള്ള വിമോചനം രണ്ടുപേരും അറിയാതെതന്നെ ഇഷ്ടപ്പെടുന്നു. പക്ഷെ ശക്തിയും സൌകൎയ്യവും അഭിമാനവും ഈ ബന്ധത്തിൽനിന്നൊഴിയാനനുവദിക്കു

ന്നില്ലെന്നു കാണുന്നുണ്ട്. എന്നാൽ ഈ ശക്തിയും മ
റ്റും ഇപ്പോഴത്തെ തോതിൽനിന്നധികവും വ്യത്യസ്തവു
മായിത്തീരുമ്പോൾ ഈ പ്രേമാഭാസങ്ങളുടെ ദുസ്സഹമാ
യ ബന്ധനത്തിന്നു വഴിപ്പെടാത്ത ഒരു നില അനുഭവ
പ്പെടുന്നതാണ്. സ്വാതന്ത്ര്യമധികം വേണമെന്ന ആ
ഗ്രഹം വൎദ്ധിക്കയും അതിന്നുള്ള ശക്തി സമ്പാദിക്കയും
ചെയ്യുന്ന കാൎയ്യത്തിൽ ഭാൎയ്യക്കു വിജയം സിദ്ധിക്കുന്നപ
ക്ഷം അതിൽ ഭൎത്താവിന്നു രക്ഷയും സമാധാനവും കൂടുത
ലായിട്ടുണ്ടാകുമെന്നല്ലാതെ വേറെ ഒരുവിധം ആശങ്കയ്ക്കും
അവകാശം കാണുന്നില്ല. പരസ്പരം ഇണങ്ങിയിരിക്ക
യെന്നതു, വേറെ സംഗതികളെക്കൊണ്ട് ആവശ്യകമാ
ണെന്നുവരുന്നദിക്കിൽ—പിരിഞ്ഞാൽ വേറെ ഗതിയൊ
ന്നുമില്ലെന്നുവരുമ്പോൾ—പരസ്പരം അനിഷ്ടമായ ഒരു
കാൎയ്യത്തിലും ദമ്പതിമാർ സ്വാതന്ത്ര്യം പ്രയോഗിക്കുന്ന
തല്ല. ഒരാൾ മറ്റെ ആൾക്കു കീഴടങ്ങിക്കഴിഞ്ഞുകൂടുക
യെ എപ്പോഴും ഉണ്ടാകയുള്ളൂ. മറ്റൊരു വലിയ ആശ്വാ
സത്തിന്നായി ചില ദുഃഖങ്ങളെ സഹിക്കുമെന്നുള്ളതു മ
നുഷ്യസ്വഭാവമാണല്ലൊ.

അതുകൊണ്ടു "താൻ എന്തു ചെയ്താലും ഭാൎയ്യ സ
ഹിക്കണം, തങ്കൽ യഥാൎത്ഥമായ പ്രേമം അവൾക്കുണ്ടാ
യിരിക്കയും വേണം; തന്റെ സഹവാസത്തിൽ അവൾ
രമിക്കണം, അവളുടെ ഇഷ്ടംനോക്കുകയൊ നോക്കി
ക്കൊൾവാനനുവദിക്കയൊ ചെയ്വാൻ സമ്മതമില്ലതാ
നും; തനിക്കിഷ്ടമില്ലാത്ത അവളുടെ ഒരു വിചാരവും അ
ഭിപ്രായവും ഗണ്യമാക്കുകയില്ല" എന്നിങ്ങിനെയുള്ള
ഭാവന—ഇതൊരു ഭാവനമാത്രമാണ്, യഥാൎത്ഥമല്ല—
ഇനിമേൽ ഭൎത്താക്കന്മാൎക്കു വേണ്ടാത്തതാണ്. നിങ്ങളു
ടെ പൌരുഷവും പരാക്രമവും മററും സ്ത്രീനിയതിയുടെ

രേഖാലംഘനത്തിന്നു സമൎത്ഥമല്ല. ആന്തരമായിട്ടുള്ള നിങ്ങളുടെ അബലത്വം വളരെക്കാലത്തെ ഭാവനകൊണ്ടു പ്രകാശം കുറഞ്ഞമട്ടിൽ നിലീനമായിരുന്നിട്ടേയുള്ളു. "താന്താൻ നിരന്തരം ചെയ്യുന്നതിൻ ഫലം താന്താനനുഭവിച്ചീടുകെന്നേവരൂ" എന്നുപറഞ്ഞ വാല്മീകിപത്നിയുടെ ആശയത്തെപ്പററി ഇവിടെ ചിന്തിക്കുന്നതാവശ്യമാണ്. താൻ ചെയ്യുന്ന പരഹിംസയുടെ തൽകാലത്തെ ഫലം അനുഭവിക്കുന്നതു ഭാൎയ്യയും മററും കൂടീട്ടാകയാൽ ആ കൎമ്മഫലമായ പിന്നെത്തെ ദുഃഖവും ഈ ആളുകൾക്കെല്ലാം സമമായിട്ടാവുമെന്നായിരുന്നു അദ്ദേഹത്തിന്റെ ധാരണ. ആ ശുദ്ധാത്മാവു നരകത്തിലും തനിക്കു് ഈ ഭാൎയ്യാപുത്രന്മാരുടെ സഹവാസത്തിന്നു വിഘ്നം വരികയില്ലെന്നാലോചിച്ചിരുന്നു. കർത്തൃത്വം മാത്രമെ തനിക്കുള്ളു എന്നും ഫലമെല്ലാം കുടുംബത്തിന്നാണെന്നും തന്റെ സുഖത്തിന്നു മാത്രമായി ഈ ദുഷ്കൎമ്മങ്ങളിൽ പ്രവൎത്തിക്കാനാവശ്യമില്ലെന്നും അദ്ദേഹത്തിന്റെ ബുദ്ധിക്കടിയിൽ ഒരു നിഷ്കാമഭാവം സ്ഫുരിച്ചുംകൊണ്ടിരുന്ന അവസരത്തിലാണ് ഭാൎയ്യയുടെ ഈ വിളംബരത്തിന്നിട വന്നതു്. "പാപത്തിന്റെ ഫലം ഞങ്ങൾക്കോ? അസ്സലായി! അതൊക്കെ അവനവൻതന്നെ അനുഭവിക്കയേയുള്ളൂ" എന്നിങ്ങിനെ ഖണ്ഡിതമായി പറഞ്ഞതു കേട്ടപ്പോൾ അതു വാസ്തവമാണെന്നുള്ള ബോധവും തന്റെ തെററിദ്ധാരണയിൽ പശ്ചാത്താപവുമുണ്ടായി. വാല്മീകിക്കു് അതുകൊണ്ടു് ഒടുക്കം ഉപകാരംതന്നെയാണുണ്ടായതു്. എങ്കിലും ഭൎത്താവു ബുദ്ധിമുട്ടിസ്സമ്പാദിച്ചതുകൊണ്ടുമാത്രം കഴിഞ്ഞുകൂടുന്ന അവൾ ത്രിവിധകരണങ്ങളെക്കൊണ്ടും അദ്ദേഹത്തെ അനുസരിക്കണമെന്നുള്ള വാസനക്കാരിയല്ലെന്നു പറയേണ്ടതാണ്. പാപകൎമ്മങ്ങളിലേൎപ്പെട്ടു കെട്ടുപോകുന്ന ഭൎത്താവിന്റെ അ

ധോഗതിയെപ്പററി ഒട്ടും ഗണ്യമായിക്കരുതിയിരുന്നില്ലെന്നുമാത്രമല്ല, അവൾ, ദയയും ദാക്ഷിണ്യവുമില്ലാതെ അങ്ങിനെ പ്രത്യാഖ്യാനംചെയ്ത സ്വാഭാവികമായ സ്ത്രീചിത്തവൃത്തിയിൽ സ്വാതന്ത്ര്യത്തിന്നും ബാദ്ധ്യതയ്ക്കും സ്ഥലം കൊടുക്കാത്തതിനാലുണ്ടാകാവുന്ന അനൎത്ഥത്തിന്റെ ബഹിഃപ്രകാശനമാണ് ആ വചനം. രാമനാമജപത്താൽ ധന്യനായിത്തീൎന്ന ശേഷം ഒരിക്കൽ ശ്രീവാല്മീകിമഹാമുനി തന്റെ തന്റേടത്തിന്നു നിദാനഭൂതയായ ഭാൎയ്യയുടെ ആ വചനത്തെ ഓൎത്ത് അവളെ അഭിനന്ദിക്കയും അവൾക്കുംകൂടി ഈ സുകൃതത്തിന്നവകാശമുണ്ടോ എന്നു സംശയിച്ച നേരിട്ടു ചോദിക്കയും ചെയ്തു എന്നുവരികിൽ "ഞാൻതാനതിന്നുള്ള മൂലം ഫലമെല്ലാം ഞാൻതാനനുഭവിച്ചീടുകെന്നേവരൂ" എന്നായിരിക്കും അപ്പോൾ അവൾ പറയുക. ദുഷിച്ച കൎമ്മഫലത്തിന്റെ അനുഭവത്തിന്ന് അതിന്റെ കൎത്താവും സൽകൎമ്മഫലങ്ങൾക്ക് അതിന്റെ കാരയിതാവും പാത്രമായിരിക്കണമെന്നുള്ള നിയമം ഗൃഹസ്ഥാശ്രമത്തിൽ—പ്രേമപ്രതിഷ്ഠിതമായ ദാംപത്യത്തിലല്ല—പണ്ടേതന്നെ നടപ്പിൽ വന്നിരുന്നതായി മിസസ് വാല്മീകിയുടെ നിഷ്കപടമായ ഈ ആശയപ്രകടനത്തിൽനിന്നു തെളിയുന്നുണ്ട്. പ്രായേണ ഈ കാലത്തുള്ള ഭാൎയ്യാഭൎത്താക്കന്മാരുടെ കൎമ്മബന്ധത്തിൽ കാണപ്പെടുന്ന ഈ ശാപഗ്രസ്തമായ "വാല്മീകിപത്നീയ"ത്തിൽനിന്നാലോചിച്ചാൽ പുരുഷന്മാരുടെ അസ്വാതന്ത്ര്യം ഏതുരൂപത്തിൽ വേരൂന്നിക്കിടക്കുന്നു എന്നു ഗ്രഹിക്കാവുന്നതാണ്. യുദ്ധത്തിൽ മുറിയേററാൽ അതിന്റെ വേദന, യോദ്ധാവിന്നും ശത്രുവിനെ ജയിച്ചാൽ അതുകൊണ്ടുണ്ടാകുന്ന സുഖഭോഗവും ഉൽകൎഷവും മററും രാജാവിന്നുമാണെന്നല്ലെ, കാണുന്ന

ത്? യുദ്ധംചെയ്യുന്ന ഭടൻ രാജാവിന്റെ കീഴിൽ ഉപജീവിക്കുന്ന ഒരു പരാധീനനും അതു ചെയ്യിക്കുന്ന രാജാവ് ആ നല്ല ഫലത്തിന്റെ അവകാശിയും സ്വതന്ത്രനുമാകുന്നു. സ്ത്രീസുഖത്തിന്നുവേണ്ടി അവരുടെ അധീനത്തിൽ തന്റെ സുഖവൃത്തികളെ ഉപേക്ഷിച്ചു മോഹിച്ചു കഴിഞ്ഞുകൂടുന്ന പുരുഷന്മാരാണുപോലും സ്വതന്ത്രന്മാർ. ദാംപത്യബന്ധത്തിന്റെ രഹസ്യരംഗത്തിൽ നൎത്തനംചെയ്യുന്ന ഈ മായാദേവിയുടെ മോഹിനിവേഷം ഒന്നഴിച്ചുനോക്കേണ്ടതുതന്നെ. സ്ത്രീകൾക്കു വേണ്ടേടത്തോളമുള്ള സ്വാതന്ത്ര്യം കൊടുക്കണം; കണക്കുപ്രകാരമുള്ള ബാദ്ധ്യത അവർ എടുക്കുകയും വേണം. പിന്നെ ഭാൎയ്യക്കും ഭൎത്താവിന്നുമുള്ള ആക്ഷേപത്തിന്നു വിഷയമില്ല.

പുരുഷന്മാർ സ്വശക്തികൊണ്ടു മൂടിവെച്ചിരുന്നതും പ്രാകൃതവുമായ അസ്വാതന്ത്ര്യം ക്രമത്തിൽ കുറേശ്ശയായി ഉദിച്ചുയൎന്നു് ഇപ്പോൾ നല്ലപോലെ പ്രകാശിച്ചുതുടങ്ങിയിരിക്കുന്നു. അതിന്നു കാരണം, പരിതഃസ്ഥിതങ്ങളുടെ ഗുണസംക്രമണംനിമിത്തം ആ മൂടുപടം—പൌരുഷശക്തി—സാമാന്യം ജീൎണ്ണിച്ചു ദുൎബ്ബലമായിത്തീൎന്നു എന്നുള്ളതുതന്നെ. ഇതുപോലെ ഭാൎയ്യമാരുടെ അശക്തികൊണ്ടു് ഇതേവരെ മൂടിവെച്ചിരുന്നതായ സ്വാതന്ത്ര്യം—പുരുഷന്മാരിലുള്ള അധികാരം—ഇപ്പോൾ പ്രകടമായിത്തീൎന്നിരിക്കുന്നു. പരിതസ്ഥിതികളാൽ അവരുടെ സ്വാതന്ത്ര്യത്തിന്നുണ്ടായിരുന്ന ആച്ഛാദനം—അശക്തി—സാമാന്യം നീക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ “മാതാ രക്ഷതി കൌമാരേ ഭാൎയ്യാ രക്ഷതി യൌവനേ പുത്രീ (വധൂ) രക്ഷതി വാൎദ്ധക്യേ ന സ്വാതന്ത്ര്യം നരോൎഹതി” എന്നിങ്ങിനെ തിരിച്ചുപറയേണ്ടതായിട്ടാണു് പരിണതിയുടെ സ്ഥിതി എന്നു കാണുന്നു.

ഇപ്പോഴുള്ള സ്വാതന്ത്ര്യാഭാസത്തിൽ അഭിമാനിച്ച് ആന്തരമായി പുരുഷന്മാരനുഭവിക്കുന്ന ഭയസങ്കോചവിഷാദാദികൾക്ക് ഒന്നുകിൽ നാശം അല്ലെങ്കിൽ സ്വരൂപഭേദം നിശ്ചയമായി ഉണ്ടാകേണ്ടതാണ്. ഫലം ശുഭമായാലും അല്ലെങ്കിലും നവീനമാണെന്നതുകൊണ്ടുള്ള ആസ്വാദ്യത അതിങ്കലില്ലാതെവരികയില്ല. ഇങ്ങിനെയൊന്നല്ലാതെ വിഷയസുഖത്തിൽ പിന്നെ വേറെ എന്തൊരാസ്വാദമാണുള്ളത്? ദേശകാലനിമിത്തങ്ങളുടെ ചുഴിയിൽ പെട്ടു വട്ടംതിരിയുന്ന സംസാരികളുടെ സുഖങ്ങളിൽ എപ്പോഴും മാററമുണ്ടായിക്കൊണ്ടേ ഇരിക്കും. ആ മാററത്തിൽ കഴിഞ്ഞതു ത്യാജ്യം വരുന്നതു ഗ്രാഹ്യം എന്നുള്ള ഭ്രമം ജനിക്കുകയാൽ അതിൻെറ ലാഭത്തിന്നായി ആയാസപ്പെടുന്ന ഈ ലോകം മിക്കതും "നവനവഗുണരാഗി"യായിത്തന്നെ ഇരിക്കുന്നതാകുന്നു. ലോകത്തിൻെറ ആന്തരമായ ഈ തൃഷ്ണയെ ശമിപ്പിക്കുന്നതിന്നായി, നിയതിയിൽ, ഈശ്വരൻ വെച്ചുറപ്പിച്ചിട്ടുള്ള ശക്തിയാണ് പരിണാമം. ഈശ്വരൻെറ ഈ അനുഗ്രഹത്തെ അല്ലെങ്കിൽ ശാസനത്തെ അവിവേകത്താൽ നാം വെറുതെ ഭയപ്പെടുന്നു. അനുഭവിച്ചതിൽ നിന്നു വ്യത്യസ്തമായ സുഖദുഃഖങ്ങളുടെ സ്വരൂപത്തോടു നേരിടുമ്പോഴുള്ള നമ്മുടെ ഈ സങ്കോചം അല്ലെങ്കിൽ അനിഷ്ടാശങ്ക ഈശ്വരനിയതിയിൽ താനെ ലയിച്ചുപോകയും നാം ആ പുതിയ ദർശനത്തെ അഭിനന്ദിച്ചംഗീകരിക്കയും ചെയ്യുമെന്നുള്ളതിന്നു സംശയമില്ല.

വടക്കേപ്പാട്ടു നാരായണൻനായർ.

## * രജതജ്ജൂബിലിമംഗളം

ഇപ്പോഴത്തെ ഇന്ത്യാചക്രവൎത്തിയുടെ പട്ടാഭിഷേകവും രജതജ്ജൂബിലിയും ആഘോഷിക്കാൻ ഭാഗ്യമുണ്ടായ മലയാളത്തിലെ ഏകമാസിക 'ലക്ഷ്മീഭായി'യാണെന്നുള്ളതു ചാരിതാൎത്ഥ്യജനകംതന്നെ. രാജഭക്തിയിൽ ഭാരതീയർ അദ്വിതീയന്മാരാണെന്നുള്ളതു സൎവ്വവിദിതമത്രെ. എന്നാൽ ഇന്ത്യാചക്രവൎത്തിയായ ജോൎജ്ജ് പഞ്ചമന്റെ പേരിൽ അവൎക്കുള്ള ഭക്തി സീമാതീതമാണെന്നു നാട്ടൊട്ടുക്കു ജാതിമതഭേദമെന്യെ അദ്ദേഹത്തിന്റെ രജതജ്ജൂബിലി യഥോചിതം ആഘോഷിച്ചതിൽനിന്നും വ്യക്തമാകുന്നുണ്ടല്ലൊ. ഇതിന്നു കാരണം അദ്ദേഹം സൂൎയ്യനസ്തമിക്കാത്ത ഒരു വലിയ സാമ്രാജ്യത്തിന്റെ അധിപതിയാണെന്നുള്ളതല്ല. ജനപ്രതിനിധികളടങ്ങിയ ആലോചനസഭാമൂലം ഭരണം നടത്തുകയും പ്രജകളുടെ ക്ഷേമമാണ് തന്റെ ക്ഷേമം എന്നു വിശ്വസിക്കുകയും ചെയ്യുന്ന ഒരു ഭരണകൎത്താവാണ് അദ്ദേഹം എന്നുള്ള ഏകസംഗതിയാണ്. രാജ്യധൎമ്മാനുസാരമായി ഭരണം നടത്തി രാജാവ് എന്ന പേർ അന്വൎത്ഥമാക്കണമെന്നു കാംക്ഷിക്കുന്ന നൃപന്മാർ ഇന്ത്യാചക്രവൎത്തിയെയാണ് മാതൃകയായി സ്വീകരിക്കേണ്ടത്.

ഗുണവതി വിക്ടോറിയാമഹാരാജ്ഞിതിരുമനസ്സിലെ പുത്രനും ഇന്ത്യാചക്രവൎത്തിയുമായിരുന്ന 'സമാധാനപാലകൻ' എഡ്വേർഡു ചക്രവൎത്തിതിരുമനസ്സിലേയും അലക്സാണ്ട്രാ ചക്രവൎത്തിനിതിരുമനസ്സിലേയും പുത്രനായി നമ്മുടെ ജോൎജ്ജ് ചക്രവൎത്തിതിരുമനസ്സുകൊണ്ട് ൧൮൬൫ ജൂൺ ൩-ാംനു തിരുഅവതാരംചെയ്തു. സാമാന്യവി

* താമസിച്ചുകിട്ടിയത്.

ദ്ധ്യാഭ്യാസത്തിന്നു ശേഷം തിരുമനസ്സിലെ വാസനയനുസരിച്ചു നാവികവിദ്യാഭ്യാസം ചെയ്യപ്പെട്ടു. പന്ത്രണ്ടു വയസ്സു മാത്രം പ്രായമായപ്പോൾതന്നെ തിരുമേനി നാവികസൈന്യത്തിൽ ഒരു ഉദ്യോഗസ്ഥനായി നിയമിതനായി. ൧൮൭൯-ൽ അദ്ദേഹം സഹോദരനൊന്നിച്ചു ലോകം മുഴുവൻ ചുററിസ്സഞ്ചരിക്കുന്നതിന്നായി പുറപ്പെട്ടു. പല രാജ്യങ്ങൾ സന്ദശിക്കുകയും പലവിധഭരണസമ്പ്രദായങ്ങൾ കണ്ടു മനസ്സിലാക്കുകയും ചെയ്തു. പത്തു വഷം കഴിഞ്ഞതിൻെറ ശേഷം വീണ്ടും കപ്പൽസഞ്ചാരത്തിന്നു പുറപ്പെടുകയും പുത്രികാരാജ്യങ്ങളേയും കടലിന്നപ്പുറത്തുള്ള അധീനരാജ്യങ്ങളേയും സന്ദശിക്കയും ചെയ്തു. ൧൮൮൭-ൽ അദ്ദേഹം നാവികോപനായകനായും ൧൮൯൧-ൽ സേനാനായകനായും നിയമിക്കപ്പെട്ടു. ൧൮൯൧-ൽ അദ്ദേഹത്തിന്നു യോർക്കിലെ പ്രഭു എന്ന സ്ഥാനം നല്കപ്പെട്ടു. ൧൮൯൩-ൽ ക്യാപ്ടൻ എന്ന സ്ഥാനം ലഭിച്ചതോടുകൂടി അദ്ദേഹം കപ്പലുദ്യോഗം ഉപേക്ഷിച്ചു. തിരുമനസ്സിലെ ജ്യേഷ്ഠസഹോദരനും കിരീടാവകാശിയുമായ ആൽബർട്ട് രാജകുമാരൻ൧൮൯൨-ൽ പരലോകം പ്രാപിച്ചതിനാൽ ജോർജ്ജ് രാജകുമാരൻ കിരീടാവകാശിയായിത്തീൻ വേയിൽസ് രാജകുമാരൻ എന്ന സ്ഥാനം പ്രാപിച്ചു.

തിരുമനസ്സുകൊണ്ട് ടക്കിലെ പ്രഭുവിൻെറ പുത്രിയും ഇപ്പോൾ നമ്മുടെ ചക്രവത്തിനിയുമായിരിക്കുന്ന മേരിരാജകുമാരിയെ ൧൮൯൩-ൽ വിവാഹം ചെയ്തു. തിരുമേനികൾക്ക് അഞ്ചു പുത്രന്മാരും ഒരു പുത്രിയുമാണുള്ളത്. ഇവരിൽ ജോൺരാജകുമാരൻ ചെറുപ്പത്തിലെ അന്തരിച്ചുപോയി. മൂത്തകുമാരനായ എഡ്വർഡാണ് ഇപ്പോഴത്തെ വേയിൽസ് രാജകുമാരൻ.

തിരുമനസ്സുകൊണ്ടു യുവരാജാവായിരിക്കുമ്പോൾതന്നെ പത്നീസമേതം ഇന്ത്യാരാജ്യത്തെഴുന്നള്ളി പ്രധാനപട്ടണങ്ങളും മററും സന്ദശിച്ചു തനിക്ക് ഒരുകാലത്തു ഭരിക്കേണ്ടിവരുന്ന ഭാരതഭൂമിയെപ്പററി വേണ്ട അറിവുകളെല്ലാം സമ്പാദിച്ചിട്ടുണ്ട്. തിരുമനസ്സിലേക്ക് ഇന്ത്യയേയും ഇന്ത്യാക്കാരേയും പററി വളരെ നല്ല അഭിപ്രായമാണുള്ളതെന്ന് അവിടുന്നു ശീമയിൽ ചെന്നതിന്നു ശേഷം ചെയ്ത ചില പ്രസംഗങ്ങളിൽനിന്ന് അറിയാവുന്നതാണ്. "ഭാരതീയരോടു സഹാനുഭാവപൂവ്വം വത്തിക്കുന്നപക്ഷം ഇന്ത്യാരാജ്യഭരണം എത്രയോ സുകരമായിരിക്കു"മെന്നാണ് അവിടുന്ന് ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചത്.

൧൯൧൦ മേയിമാസം ൬-ാംനു- ഹാലിയുടെ ധൂമകേതു ഉദിച്ചസമയത്ത് എഡ്വർഡ് സപ്തമനായ തിരുമനസ്സിലെ പിതാവു കാലധമ്മം പ്രാപിച്ചു. ആ സംഭവം ലോകം മുഴുവനും ദുഃഖസാഗരത്തിൽ നിമഗ്നമാക്കി. ചക്രവത്തിയുടെ ചരമംമൂലം തിരുമനസ്സുകൊണ്ടു ജോർജ്ജുപഞ്ചമൻ എന്ന അഭിധാനത്തിൽ ഇംഗ്ലണ്ടിലെ മഹാരാജാവും ഇന്ത്യയിലെ ചക്രവത്തിയുമായിത്തീന്നു.

രാഷ്ട്രീയലോകത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു പരിവത്തനത്തെ പുതിയ ചക്രവത്തിക്കു നേരിടേണ്ടിവന്നു. അതു പ്രഭുസഭയും കോമൺസ് സഭയും തമ്മിലുള്ള ഭരണസംബന്ധമായ മത്സരമായിരുന്നു. ൧൯൦൯-ലെ ബഡ്ജററ് സമ്മേളനത്തോടുകൂടി അതു മൂദ്ധന്യദശയെ പ്രാപിച്ചു. പക്ഷേ ചക്രവത്തിതിരുമനസ്സിലെ സിംഹാസനാരോഹണത്തോടുകൂടി ഈ മത്സരങ്ങളെല്ലാം അവസാനിച്ചു. പട്ടാഭിഷേകം കേമമായി ഘോഷിക്കേണ്ട കായ്യത്തിലായിരുന്നു രാജ്യവാസികളുടെ ശ്രദ്ധ മുഴുവൻ പ

തിഞ്ഞത്. പിൽക്കാലത്ത് ഇംഗ്ലണ്ടിനെക്കൂടി ആക്രമിച്ചു സ്വാധീനത്തിലാക്കണമെന്ന് അതിമോഹംകൊണ്ടിരുന്ന ജർമ്മൻ ചക്രവർത്തികൂടി ഈ ആഘോഷങ്ങളിൽ പങ്കുകൊണ്ടു.

തിരുമനസ്സുകൊണ്ടു ഗ്രേററ് ബ്രിട്ടനിലെ രാജാവും ഇന്ത്യാ-ചക്രവർത്തിയുമായത് ൧൯൧൦ മേമാസത്തിലായിരുന്നു എങ്കിലും ഇന്ത്യാ ചക്രവർത്തിയായി വിളംബരം ചെയ്തു പട്ടാഭിഷേകം ചെയ്തത് ൧൯൧൧ ഡിസമ്പർ ൧൨-ാംനു-യാണ്. ഇന്ത്യാക്കാരുടെ നേരെ തിരുമനസ്സിലേക്കുള്ള സ്നേഹാധിക്യത്താൽ തിരുമനസ്സുകൊണ്ടുതന്നെ പത്നീസമേതം എഴുന്നള്ളുകയാണ് ഉണ്ടായത്. ഇത് അത്ഭുതപൂർവ്വമായ ഒരു സംഭവമായിരുന്നു. ൧൯൦൫-ൽ വൈസ്രായിയായിരുന്ന കഴ്സൻപ്രഭുവിന്റെ ബംഗാൾ വിഭജനം മൂലം സന്തപ്തരായിരുന്ന ഭാരതീയരുടെ ദുഃഖശാന്തിക്കായി അതുവരെ ഇന്ത്യയുടെ തലസ്ഥാനമായിരുന്ന കൽക്കത്തയെ മാററി പുരാണപ്രസിദ്ധവും ചരിത്രപ്രസിദ്ധവുമായ ഡൽഹിയെ തലസ്ഥാനമാക്കി. ഇതു പട്ടാഭിഷേകവരങ്ങളിൽ ഏററവും പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നായിരുന്നു.

തിരുമനസ്സിലെ ഭരണകാലത്തുണ്ടായ ഏററവും കഠോരമായ അത്യാഹിതം ലോകമഹായുദ്ധമായിരുന്നു. ഈ യുദ്ധത്തിൽ തിരുമനസ്സുകൊണ്ടുതന്നെ യുദ്ധരംഗത്തിലിറങ്ങി ഭടന്മാരെ സന്ദർശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുവന്നു. ഒരിക്കൽ അവിടുന്നു കുതിരപ്പുറത്തുനിന്നു വീണു മുറിയേററു. ഒന്നിലധികം പ്രാവശ്യം ശത്രുക്കളുടെ വെടിയുണ്ടയ്ക്കു് ഇരയാകുവാൻ ഭാവിച്ചു. പക്ഷേ രാജ്യരക്ഷയ്ക്കുവേണ്ടി തന്റെ നിരവധി പ്രജകളോടൊപ്പം തന്റെ ജീവനേയും ബലികഴിപ്പാൻ അവിടുന്നു

സന്നദ്ധനായിരുന്നു. ഇന്ത്യക്കാർ ദ്രവ്യംകൊണ്ടും ആൾകൊണ്ടും വളരെ സഹായം ചെയ്തുകൊണ്ടാണ് അവൎക്ക് സ്വയംഭരണം നല്കാനുള്ളതിൻെറ ആദ്യപടിയായ ചില മാററങ്ങൾ ൧൯൧൯-ൽ വരുത്തിയത്. അക്കൊല്ലത്തിൽ സർ. എസ്. പി. സിന്നയെ ബ്രിട്ടീഷ് ഗവൎമ്മെണ്ടിലെ ഒരു അംഗമായി നിയമിച്ചു. ഇതിന്നുമുമ്പ് ഒരു ഇന്ത്യാക്കാരനും ഈ ബഹുമതി ലഭിച്ചിട്ടില്ല. അധികം താമസിയാതെ അദ്ദേഹത്തിന്നു പ്രഭുസഭയിൽ ഒരു സ്ഥാനം ലഭിക്കയും ചെയ്തു.

തിരുമനസ്സുകൊണ്ടു രാജ്യഭാരം കയ്യേററിട്ട് ഇപ്പോൾ ഇരുപത്തഞ്ചുസംവത്സരം കഴിഞ്ഞിരിക്കുന്നു. ഇതിനിടയ്ക്കു യൂറോപ്പിലും ഏഷ്യയിലും പല പരിവൎത്തനങ്ങളുമുണ്ടായിട്ടുണ്ട്. ടൎക്കി റഷ്യ ആസ്ത്രിയ പോർട്ടുഗൽ മുതലായ പല രാജ്യങ്ങളും ഏകച്ഛത്രാധിപത്യത്തെ ഉപേക്ഷിച്ചു പ്രജാധിപത്യത്തെ കൈക്കൊണ്ടു. ഏഷ്യയിലെ ഏററവും പുരാതനവും വലുപ്പമുള്ളതുമായ ചൈനയിലും ൧൯൧൨-ൽ ജനസമുദായഭരണം നടപ്പായി. എന്നാൽ ഗ്രെയിററ്ബ്രിട്ടനിലെ നിവാസികൾ മാത്രം വളരെ പുരാതനത്വമുള്ള ഏകച്ഛത്രാധിപത്യത്തെത്തന്നെയാണ് മുറുകെ പിടിച്ചിരിക്കുന്നത്. ജനസമുദായഭരണം നടപ്പാക്കേണ്ട ആവശ്യം അവൎക്ക് നേരിട്ടിട്ടില്ല; ഇതിന്നെന്താണ് കാരണം?

ഇംഗ്ലണ്ടിലെ രാജാവിൻെറ ശക്തി പരിമിതമാണ്. അദ്ദേഹം മന്ത്രിമാരുടെ ഉപദേശപ്രകാരമാണ് കാൎയ്യങ്ങൾ നിൎവ്വഹിക്കുന്നത്. ഈ മന്ത്രിമാർ കോമൺസ് സഭയിലെ പ്രബലപ്പെട്ട കക്ഷിയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരാണ്. കോമൺസിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു ജനങ്ങളുമാകുന്നു. ഇതിൽനിന്ന് ഇംഗ്ലണ്ട്

രാജാവ് ജനഹിതാനുസരണഭരണം നടത്തുന്ന ആളാണെന്നു വ്യക്തമാണല്ലൊ.

ഇംഗ്ലണ്ടിൽ ഏകാധിപത്യപക്ഷക്കാർ മാത്രമല്ല ഉള്ളത്. സ്ഥിതിസമത്വവാദികളും പ്രജാധിപത്യകക്ഷികളുമുണ്ട്. എന്നാൽ വിവിധരാഷ്ട്രീയകക്ഷികളും ജോർജ്ജ് ചക്രവർത്തിയുടെ ഗുണഗണങ്ങളെ ശ്ലാഘിക്കാതിരിക്കുന്നില്ല. തങ്ങളുടെ രാജ്യത്തിന്നു സ്വാതന്ത്ര്യം ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ഭാരതീയർകൂടി അദ്ദേഹത്തെ പ്രത്യക്ഷദൈവം എന്നു കരുതിവരുന്നുണ്ട്.

തിരുമനസ്സിലെ പിതൃമാതാവായ വിക്ടോറിയാ ചക്രവർത്തിനിതിരുമനസ്സിലെ രത്നജൂബിലി ആഘോഷിച്ചിട്ടുണ്ട്. അതിന്നു ശേഷം ഏതെങ്കിലും ഒരു ജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യം ഈ ചക്രവർത്തിനീചക്രവർത്തിമാർക്കാണ് ഉണ്ടായത്. ഈ മംഗളകർമ്മം സകലബ്രിട്ടീഷ് രാജ്യങ്ങളിൽ മാത്രമല്ല നാട്ടുരാജ്യങ്ങളിൽകൂടി ആഘോഷപൂർവ്വം കൊണ്ടാടിട്ടുണ്ട്. പ്രജാവത്സലനായ കൊച്ചിമഹാരാജാവു ജി. സി. ഐ. ഇ. തിരുമനസ്സുകൊണ്ട് ഈ ശുഭാവസരത്തിൽ തന്റെ രാജ്യത്തു പലതും ചെയ്തിട്ടുള്ളതിന്നു പുറമെ ഇതിന്റെ സ്മാരകമായി പ്രധാനപട്ടണങ്ങളായ എറണാകുളത്തും തൃശ്ശിവപേരൂരും ഓരോ ടൌൺഹാൾ പണിയിക്കാനും വീടും കുടിയുമില്ലാത്ത സാധുക്കൾക്കുവേണ്ടി ഓരായിരം വീടുകൾ പണിയിച്ചുകൊടുക്കാനും കല്പനയായിട്ടുള്ളതിൽനിന്നുതന്നെ മഹാരാജാവുതിരുമനസ്സിലെ പ്രജാവാത്സല്യവും ദീനാനുകമ്പയും പ്രത്യക്ഷമാകുന്നുണ്ടല്ലൊ.

ചക്രവർത്തിനീചക്രവർത്തിമാർ അനേകസംവത്സരം ആയുരാരോഗ്യസമേതം രാജ്യപരിപാലനം ചെയ്തു രാജഭക്തന്മാരായ പ്രജകൾക്കു സ്വർണ്ണജൂബിലിയും രത്നജൂബിലിയും ആഘോഷിക്കാൻ സംഗതിവരുത്തുന്നതിന്നു ജഗദീശ്വരനെ പ്രാർത്ഥിച്ചുകൊള്ളുന്നു.

കർത്താ കാർത്ത്യായിനിക്കുട്ടി.

## ദൈവത്തിൻെറ കളി
### (തുടച്ച്)
### ൩

കൊല്ലം നാലു കഴിഞ്ഞു. ഗോപീനാഥൻ ആദ്യത്തെകൊല്ലംതന്നെ സ്കൂൾഫൈനൽ പരീക്ഷയിൽ വിജയം നേടി. ആ വിവരം അറിഞ്ഞ ഉടൻ അയാൾ എന്തെങ്കിലും ഒരു ഉദ്യോഗം കിട്ടുവാൻവേണ്ടി പല യോഗ്യന്മാരുടേയും അടുക്കൽ പലതവണയും ചെന്ന് അപേക്ഷിച്ചു. പക്ഷെ അതുകൊണ്ടൊന്നും യാതൊരു പ്രയോജനവുമുണ്ടായില്ല. മൂന്നുകൊല്ലം മുഴുവൻ ദിവസേന എന്നുതന്നെപറയാം ആ സാധുബാലൻ ഉദ്യോഗമന്വേഷിച്ച് അലഞ്ഞുനടന്നു. അവൻെറ ആവലാതികൾ കേൾക്കുവാൻപോലും ഒരൊററ മാന്യനുമുണ്ടായില്ല. താനൊരുമിച്ചു പഠിച്ചിരുന്നവരിൽ സ്കൂൾഫൈനൽ പാസ്സായ ശേഷം പഠിപ്പുമതിയാക്കിയ മിക്കവൎക്കും ഓരോ ഉദ്യോഗം ലഭിച്ചതായി അവനറിഞ്ഞു. ഗോപീനാഥനെപ്പോലെ കഷ്ടസ്ഥിതിയിൽ കഴിഞ്ഞുകൂടുന്നവരായി അവരിൽ യാതൊരാളുമുണ്ടായിരുന്നില്ല. എന്നുമാത്രമല്ല അവരിൽ പലരും വലിയ ധനികന്മാരുടേയും ഉയൎന്ന ഉദ്യോഗസ്ഥന്മാരുടേയും മക്കളൊ മരുമക്കളൊ ആയിരുന്നുതാനും. ഗോപീനാഥനെപ്പോലെ അവർ അലഞ്ഞുനടന്നില്ല. അവൎക്ക് ഉദ്യോഗം കിട്ടുവാൻ ഭഗീരഥപ്രയത്നവും വേണ്ടിവന്നില്ല. ഇതെല്ലാം ഗോപീനാഥൻ കണ്ടും കേട്ടും ഗ്രഹിച്ചിരുന്നു. അവന് എന്തെന്നില്ലാത്ത ഇച്ഛാഭംഗമുണ്ടായി. അവൻെറ സങ്കടം അസഹനീയമായിത്തീൎന്നു. മേലിൽ ഉദ്യോഗത്തിനുവേണ്ടി ഉത്സാഹിക്കില്ലെന്നു തീരുമാനിച്ചു വേറെ പ്രകാരത്തിൽ നിത്യവൃത്തികഴിക്ക വേണ്ടുന്ന മാൎഗ്ഗം ആരായുവാൻ അവൻ ഉറച്ചു.

ഗോപിനാഥൻ അതിബുദ്ധിയുള്ള ഒരു കുട്ടിയായിരുന്നു. പല വിചിത്രവേലകളും കൌശലപ്പണികളും അവന്നു വശമായിരുന്നു. ചിത്രമെഴുത്തറിയാം; ഹാർമ്മോണിയം മുതലായ സംഗീതസാമഗ്രികൾ നന്നാക്കാം; വാച്ച് ക്ലോക്ക മുതലായവ നന്നാക്കാം; യന്ത്രങ്ങളുടെ കേടുപാടുകൾ തീക്കാനും ഗോപിക്കു കുറേശ്ശ വശമാണ്. ആവക പല തൊഴിലുകളിലും അവൻ കൈവെച്ചുനോക്കി. എന്നിട്ടും ഗുണമൊന്നുമുണ്ടായില്ല. എന്തുചെയ്താലും ഭാഗ്യദേവത അവന്നു വിരോധമായി നില്ക്കുന്നതായി കാണപ്പെട്ടു. "കഷ്ടം! ഈശ്വരൻ ഇത്ര നിർദ്ദയനൊ" എന്നുപോലും ആ ബാലൻ പലപ്പോഴും തന്നെത്താൻ പറഞ്ഞുപോകാറുണ്ടായിരുന്നു.

ലക്ഷ്മിക്കുട്ടിയമ്മയുടെ സുഖക്കേട് ഇതിനിടയ്ക്ക് ഒരുവിധം ആശ്വാസമായി. ഇപ്പോൾ വീട്ടുജോലികളെല്ലാം അവരാണ് ചെയ്തുവരുന്നത്. മകൾ ഓമനയും യഥാശക്തി അവരെ സഹായിച്ചുവന്നു. ചിലവിന്നുള്ളവകയൊ? മിക്കവാറും പട്ടിണിതന്നെ. പശുക്കറവ് ഇപ്പോഴുമുണ്ട്. അതുകൊണ്ടു മൂന്നംഗങ്ങളുടെ ദിവസവൃത്തിക്കെങ്ങിനെ മതിയാവും? ഇതിനിടയ്ക്കു വീടും പുരയിടവും അന്യാധീനപ്പെട്ടുകഴിഞ്ഞിരുന്നു. ലക്ഷ്മിക്കുട്ടിയമ്മയുടേയും മററും ദയനീയാവസ്ഥയിൽ മനസ്സലിഞ്ഞു വീടുമാത്രം, വസ്തു നടത്തിയെടുത്ത ആൾ ചുരുങ്ങിയ വാടകയ്ക്കു് അവക്കു കൊടുത്തിരിക്കയാണ്. വാടക കൊടുക്കുവാൻതന്നെ പ്രതിമാസം ഒന്നര ഉറുപ്പിക വേണം.

തൻെറ പരിശ്രമങ്ങളെല്ലാം വിഫലങ്ങളായിട്ടാണ് പരിണമിച്ചിരുന്നതെങ്കിലും ഗോപിനാഥന് ഇടയ്ക്കിടയ്ക്കു ചില 'ഈശ്വരാനുഗ്രഹങ്ങൾ' അനുഭവപ്പെട്ടിരുന്നു. വല്ലാതെ ബുദ്ധിമുട്ടുന്ന അവസരത്തിൽ എവിടെ

നിന്നെങ്കിലും ഒരു വകകിട്ടും. ഇങ്ങിനെ പലതവണയും കിട്ടീട്ടുണ്ട്. അത് ഈശ്വരന്റെ അനുഗ്രഹമാണെന്നുതന്നെ അയാൾ പൂൎണ്ണമായി വിശ്വസിച്ചുവന്നു. ഒരു ദിവസം വാടക കൊടുക്കുവാൻ താമസിച്ചതിന്നു വീട്ടുടമസ്ഥൻ എന്തെന്നില്ലാതെ കയൎത്തു. ഉടനെ കെട്ടിടം ഒഴിഞ്ഞുകൊടുക്കണമെന്നു നിൎബ്ബന്ധിച്ചു. അന്നു സന്ധ്യയ്ക്കു ഗോപീനാഥൻ അമ്പലക്കുളത്തിൽ കുളികഴിഞ്ഞു കല്പട കയറുമ്പോൾ അയാൾക്കൊരു പൊതി കിട്ടി. അതിൽ പത്തുറുപ്പികയുണ്ടായിരുന്നു. പൊതി ആരെങ്കിലും അവിടെവെച്ചു മറന്നതായിരിക്കുമെന്നു കരുതി അത് ഉടമസ്ഥനു കൊടുക്കുവാൻവേണ്ടി അയാൾ വളരെനേരം അവിടെ കാത്തുനിന്നു. ആരെങ്കിലും അവിടെ ഒരു പൊതി വെച്ചു മറന്നിട്ടുണ്ടോ എന്ന് അവൻ അന്നും അടുത്തദിവസവും പലരോടും ചോദിച്ചെങ്കിലും പൊതിയുടെ ഉടമസ്ഥനെപ്പററി യാതൊരു വിവരവും കിട്ടിയില്ല. ഒടുവിൽ ആ പൊതി പോലീസ്സിൽ ഏല്പിച്ചുകൊടുത്തുകളയാമെന്നു നിശ്ചയിച്ച് അവൻ അടുത്തദിവസം സ്റ്റേഷനിലേക്കു പുറപ്പെട്ടു. വഴിക്കുവെച്ച് ഒരു വൃദ്ധൻ പിന്നിൽകൂടി ഓടിയെത്തി ഒരെഴുത്ത് അവന്റെ മുമ്പിലേക്കു വലിച്ചെറിഞ്ഞു മറഞ്ഞു. ഗോപി ആ കടലാസ്സുതുണ്ടെടുത്തു നോക്കി. "ഈ പണം അന്യന്റേതല്ല. ഇതു നിനക്ക് ഈശ്വരൻ അയച്ചിരിക്കുന്നതാണ് എടുക്കാം" എന്ന് അതിൽ എഴുതിയിരുന്നു. ഗോപി ആശ്ചൎയ്യപരതന്ത്രനായി. എഴുത്തുസഹിതം പണപ്പൊതി അവൻ സ്റ്റേഷനിൽ ഹാജരാക്കി. പക്ഷെ ആ കിഴി അവനുതന്നെ തിരിച്ചുകിട്ടി. ഇങ്ങിനെ പല അവസരങ്ങളിലും വിവിധവിധേന 'ഈശ്വരൻ' ഗോപീനാഥനു ചില ചില്ലറ സഹായങ്ങൾ ചെയ്തുകൊടുത്തിരുന്നില്ലെങ്കിൽ അവനും അ

യൻെറ മാതാവും ഏകസഹോദരിയും പണ്ടത്തെപ്പോലെ ഭിക്ഷയെടുക്കേണ്ടിവരുമായിരുന്നു.

മേൽപറയപ്പെട്ട സഹായങ്ങളെല്ലാം ഈശ്വരദത്തങ്ങൾതന്നെയാണെന്നു സമാധാനിക്കാം. എന്നാൽ സ്കൂൾഫൈനൽ പരീക്ഷയ്ക്കു ഗോപീനാഥനുവേണ്ടി ഫീസ്സടച്ചത് ആർ? ഈ ചോദ്യത്തിന് എത്രതന്നെ ആലോചിച്ചിട്ടും ഗോപിനാഥനു യാതൊരു മറുപടിയും കിട്ടിയില്ല. രാമൻമേനോൻ കൊടുത്തയച്ചതായിരിക്കുമെന്നുണ്ടായിരുന്ന ആദ്യത്തെ ഊഹം അടിസ്ഥാനരഹിതമാണെന്ന് ആ വിദ്വാൻെറ അനന്തരപെരുമാററങ്ങൾ പ്രത്യക്ഷപ്പെടുത്തി. ഉദ്യോഗലബ്ധിക്കായി പരിശ്രമിച്ചു നടക്കുന്നതിന്നിടയ്ക്കു ഗോപിനാഥൻ രാമൻമേനെ ചെന്നുകണ്ടപ്പോൾ "ഉദ്യോഗം! എന്തുദ്യോഗം ഭരിക്കുവാനുള്ള യോഗ്യതയാണ് നിനക്കുള്ളത്? ഞാൻ വിചാരിച്ചാൽ നിവൃത്തിയൊന്നുമില്ല" എന്നായിരുന്നു ആ 'മഹാൻെറ' മറുപടി. ഏതായാലും തനിക്കുവേണ്ടി ആ ഒരു ഉപകാരം ചെയ്ത ആളെ താൻ ജീവപര്യന്തം കൃതജ്ഞതാപൂർവ്വം സ്മരിക്കുമെന്നു ഗോപീനാഥൻ ഉറച്ചിരിക്കുന്നു.

"കർമ്മണ്യേവാധികാരസ്തേ മാ ഫലേഷു കദാചന" എന്നുള്ള ഗീതാവാക്യത്തെ അക്ഷരംപ്രതി വിശ്വസിച്ചിരുന്ന ഗോപിനാഥനു പറയത്തക്ക പ്രതിഫലമൊന്നും കിട്ടിവരാറില്ലെങ്കിലും, അയാൾ തൻെറ കൌശലപ്പണികൾ കൈവെടിയാതെ നടത്തിക്കൊണ്ടിരുന്നു. ഒരു ദിവസം അയാൾ സ്വന്തമായി ഒരു ഹാർമ്മോണിയമുണ്ടാക്കിയിരുന്നതു വില്ക്കുവാൻവേണ്ടി പട്ടണത്തിലേക്കു പൊയ്ക്കൊണ്ടിരുന്നപ്പോൾ വഴിക്കുവെച്ച്, അയാളൊരുമിച്ചു പഠിച്ചിരുന്ന ഒരു ചങ്ങാതിയെ കാണുവാനിടയായി. കുട്ടികാ

രൻ ഗോപീനാഥൻെറ കരകൌശലത്തെപ്പററി വളരെ പ്രശംസിച്ചു. പണ്ടത്തെ 'രാമേട്ടൻെറ' ബംഗ്ലാവിൻെറ പടിയിൽക്കൂടിയായിരുന്നു അവർ പൊയ്ക്കൊണ്ടിരുന്നത്. അപ്പോൾ അവിടെ ആരോ ഹാർമോണിയം വായിക്കുന്നതു കേട്ടു. ഗോപീനാഥൻ പെട്ടെന്നു തിരിഞ്ഞു നിന്നു.

കൂട്ടുകാരൻ—അഃ ഇവിടെ വേണോന്നു ചോദിക്കായിരുന്നു. ഒരുപക്ഷെ എടുത്തേക്കാൻ വഴിയുണ്ട്.

ഗോപീനാഥൻ പരുങ്ങുന്നതു കണ്ടു കൂട്ടുകാരൻ വീണ്ടും "എന്താ, താൻ സംശയിക്കണെത്? ഒന്നു പരിക്ഷിക്കരുതെ? ആയെങ്കിലായി."

ഗോ. നാ—"രാമേട്ടൻ ഇതു വാങ്ങിക്കുമെന്നു തോന്നുന്നില്ല.

കൂട്ടു—"ഏതു രാമേട്ടൻ? അല്ലാ, താനീലോകത്തിലെങ്ങുമല്ലെന്നാണല്ലൊ തോന്നണത്. തൻെറ രാമേട്ടനല്ലാ ഇപ്പോൾ ഇവിടത്തെ മുതലാളി. അതറിഞ്ഞൊ? രാമേട്ടനെ ആട്ടിപ്പുറത്താക്കീട്ടു മാസം ഒന്നുരണ്ടു കഴിഞ്ഞു. ഇപ്പോൾ അതിനേക്കാൾ മേലേയുള്ള ഒരേട്ടനാണ് ആ മേനകയെ വെച്ചുകൊണ്ടിരിക്കുന്നത്.

ഗോ. നാ—എന്ത്!

കൂട്ടു—എന്ത്? എന്താ,'ന്ത്'—ന്നു. എടൊ സാധു! താനിതൊന്നും കേട്ടില്ലെ? ന്നാ ഇപ്പൊ കേട്ടോളു. രാമൻമേനെറ ഒരു വലിയ ചങ്ങാതിയായിരുന്ന ആ സൂപ്രണ്ട്—എന്തു സൂപ്രണ്ടാണ്?—അയ്യോ!—എന്തെങ്കിലുമാവട്ടെ—ആ ഉദ്ദണ്ഡശാലി, താൻ കണ്ടിട്ടില്ലെ? വൈരക്കമ്മലും തുപ്പട്ടാവും മററും മററും. അയാൾ മിസ്റ്റർ മേനോനൊന്നിച്ചു കൂടെക്കൂടെ ഇവിടെ വന്നുപോകാറുണ്ടായിരുന്നു. ഭാര്യയുമായി വലിയ പത്ഥ്യം. അവ

ളൊ? ആദ്യത്തെ കാപ്പിക്കടക്കാരനെ വിട്ടു രാമേട്ടനെ സ്വാധീനിച്ച ആ തന്ത്രം അവൾ മറന്നിട്ടുണ്ടാവോ? അതുതന്നെ അവൾ സൂപ്രണ്ടിന്റെ അടുക്കലും പെരുമാറി. കുറേക്കഴിഞ്ഞപ്പോൾ മേനോൻ സൂപ്രണ്ടിനെ സൽക്കരിക്കേണ്ടതിന്നു പകരം സൂപ്രണ്ടു മേനോനെ സൽക്കരിച്ചു തുടങ്ങി. എന്തിന്! ഒരു ദിവസം മിസ്റ്റർ മേനോൻ ക്ലബ്ബിൽനിന്നു കൂട്ടുകാരോടുകൂടി മടങ്ങിച്ചെന്നപ്പോൾ അകത്തു ചാരുകസാലയിൽ സൂപ്രണ്ടു ഞെളിഞ്ഞുനിവൎന്നു കിടക്കണു. മേനോന്റെ പ്രേയസി അതേകസാലയുടെ കയ്യിന്മേൽ ഇരുന്നുകൊണ്ടു സൂപ്രണ്ടിന്റെ കൈ പിടിച്ചു—കഷ്ടം! എനിക്കതോൎക്കാനെ വയ്യാ. മേനോനിതൊട്ടും രസായില്ലെന്നു പറയണ്ടല്ലൊ. മേനോൻ ചെന്നപടി ഭാൎയ്യയുടെ ചെകിടത്തൊരു വീക്ക്. അവളുണ്ടൊ മടിക്കണു! മേനോന്റെ കൂട്ടുകാരുടെ നേരെവെച്ചുതന്നെ ഒപ്പം കൊടുത്തു അങ്ങോട്ടും ഒന്ന്. അതു പോരെന്നുവെച്ചിട്ടായിരിക്കാം സൂപ്രണ്ടു ചാടിയെണീറ്റു മേനോന്റെ കഴുത്തിൽ പിടിച്ചു പിന്നാക്കം ഒരു സല്ലൂരിക്കൽ. മേനോൻ ഇരിക്കക്കെത്താലെ ദേ കെടക്കണു പധീംന്നു പിന്നാക്കം. കൂട്ടുകാരെല്ലാം അമ്പരന്നു. ദേഷ്യവും വേദനയും മേനോന്റെ നാക്കു പിടിച്ചു താഴ്ത്തിയതിനാൽ പുള്ളിക്കാരൻ സംസാരശക്തിയില്ലാതെ ആ നിലത്തു കൈ രണ്ടും പിന്നാക്കം കുത്തി കാലു രണ്ടും മുമ്പാക്കം വലിച്ചുനീട്ടി ഉടൽ ചാരുകസാലയിൽ കിടക്കുംവിധം മുമ്പാക്കം വളച്ചുപിടിച്ചുംകൊണ്ടു സൂപ്രണ്ടിനേയും സ്വപ്രേമപാത്രത്തിനേയും മാറിമാറി മിഴിച്ചുനോക്കി. കലികൊണ്ട കണ്ണികയെപ്പോലെ മേനോന്റെ പതിവ്രത "കടക്കു ഫെ പടി പുറത്ത്. നിങ്ങടെ തട്ടുകൊള്ളാൻ ഞാനല്ല. മനസ്സിലായില്ലെ?" എന്നു ഗൎജ്ജിച്ചതുംകൂ

ടി കേട്ടപ്പോൾ കൂട്ടകാരെല്ലാം ഉടൻതന്നെ പടി പുറത്തുകടന്നു. മേനോൻ അവരോളം വണക്കമുള്ളവനായിരുന്നില്ല. പുള്ളിയുണ്ടോ ഇതുകൊണ്ടു തൃപ്തിപ്പെടുന്നു. "ഇത്രത്തോളമായൊ നിശ്ച്! ഇതു ഞാൻ വിചാരിച്ചില്ല. അമ്മാമന്റെ വാക്ക് എത്രശരി" എന്നു പതുക്കെ ഒന്നു ഉരസിനോക്കി. "പോവാനാ പറഞ്ഞെ പുറത്തേക്ക്. താനും തന്റെ അമ്മാമനും ഒ! ഓരോ യോഗ്യന്മാർ" എന്ന് ഉത്തരക്ഷണത്തിൽ ഭാൎയ്യയിൽനിന്നു പുറപ്പെട്ട ആ ഗംഭീരശാസനം "ഇനി ഇവിടെ ഇരുന്നിട്ടു പ്രയോജനമില്ലെ"ന്നു മേനോനെ ഉപദേശിച്ചു. മേനോൻ പുറത്തേക്ക പോരികയും ചെയ്തു. ചങ്ങാതിയെ പിന്നെ ഈ ദിക്കിലെങ്ങും കണ്ടിട്ടേയില്ല. ഇന്നാളാരോ പറയണകേട്ടു ഏതൊ ഒരു അമ്പലത്തിന്റെ നടയ്ക്കൽവെച്ച് അയാളെ കണ്ടൂന്ന്. ഭ്രാന്തു പിടിച്ചുപോയെന്നാണ് തോന്നണത്.

ഗോ. നാ—രാമ! രാമ! ഈശ്വരാ! ഇതെന്താണീ കേൾക്കണെത്? രാമേട്ടനു ഭ്രാന്തു പിടിച്ചൊ? ഇതു വാസ്തവമാണോ സ്നേഹിതാ?

കുട്ടകാ—ഈ പറഞ്ഞതൊക്കെ പരമാൎത്ഥമാണ്. വേണമെങ്കിൽ ഇപ്പോൾ അകത്തുചെന്നു നോക്കിക്കോളു. ഇന്നത്തെ ഇവിടത്തെ ഇന്ദ്രനും ഇന്ദ്രാണിയും ആരാണെന്ന്.

ഗോ. നാ—അപ്പൊ ഈ ബംഗ്ലാവു രാമേട്ടന്റെ വകയായിരുന്നില്ലേ?

കുട്ടകാ—ഉം. കൊറേശ്ശെ കൊതിക്കണം. രാമേട്ടന്റെ പേക്ക് ബംഗ്ലാവുമേടിക്കാൻ അവളുംകൂടെ സമ്മതിക്കണ്ടെ?

ഗോ. നാ—നിങ്ങളെന്താണ് അവൾ അവൾ എന്നു പറയുന്നത്?

കുട്ടകാ—എടോ ഗോപി! താനവളെ—ആ ദാസിയെ—പ്പററി ഒന്നും കേട്ടിട്ടില്ലെന്നു തോന്നുന്നു. എടോ! അവളൊരു ശൂദ്ര—അതെ രാമൻമേനോന് ഇവളെ എവിടുന്നാ കിട്ടീതെന്നു തനിക്കറിയാമോ? മേനോൻ മദിരാശിയിൽ പഠിക്കുന്ന കാലത്താണ് ഈ മേനകയെ ഭ്രമിച്ചു വശായത്. അവൾക്കു വീടുമില്ല, കുടുംബവുമില്ല ഒരു നാടകക്കാരിയൊ മററൊ ആയിരുന്നെന്നാണ് കേൾവി. അവിടന്നൊരു കാപ്പിക്കടക്കാരൻ തട്ടിക്കൊണ്ടുപോയി മദിരാശിയിൽ താമസിപ്പിച്ചിരിക്കയായിരുന്നു. കാപ്പിക്കടയിലായാലും മേനക മേനകതന്നെ. അഴകുള്ള പെണ്ണിന് അന്തസ്സുള്ള ഭർത്താവ് അടിമയല്ലെ? പിന്നെയാണൊ കാപ്പിക്കടക്കാരൻ? അവളുടെ അഴകു രക്ഷിച്ചു രക്ഷിച്ച് അയാൾ മുടിഞ്ഞു. അയാളുടെ കയ്യിൽ കുറെ സമ്പാദ്യമുണ്ടായിരുന്നതും പിടുങ്ങി അവൾ താമസം വേറെ തുടങ്ങി. ആ കാലത്താണ് മേനോനുമായി പരിചയമായത്. അവളുടെ പൂർവ്വചരിത്രമൊന്നും മേനോൻ അറിഞ്ഞിരുന്നില്ലായിരിക്കും. മേനോനു ചെറുപ്പമായിരുന്നില്ലെ? പെണ്ണും ഒരുവിധം യോഗ്യതയുള്ളവൾ. പോരെങ്കിൽ നടനവൃത്തി വശമായിട്ടുള്ളവൾ. മേനോൻ അവളിൽ ഭ്രമിച്ചുവശായതിൽ അത്ഭുതപ്പെടാനുണ്ടൊ. അന്നൊക്കെ മേനോനു വേണ്ടത്ര പണവും താസിൽദാർ അയച്ചുകൊടുത്തിരുന്നു. അതുകൊണ്ടു രണ്ടുപേരും പൊടിപൊടിച്ചു ഒരു മാസോ മററൊ കഴിഞ്ഞപ്പോൾ മേനോൻെറ പഠിപ്പു കഴിഞ്ഞു വീട്ടിലേക്കു മടങ്ങി. വീട്ടിൽ വന്നാൽ ഉടനെ അവളെ ഭാൎയ്യയാക്കിക്കൊള്ളാമെന്നു വാക്കും കൊടുത്തിരുന്നുവത്രെ. വീട്ടിൽ വന്നയുടനെ

ഉദ്യോഗവും കിട്ടി. പിന്നത്തെ ഉദ്യമം മേനകാവിവാഹത്തിന്നായിരുന്നു. അപ്പോഴേയ്ക്ക് ഇവളുടെ ചരിത്രമെല്ലാം ആരോ താസിൽദാൎക്ക് അറിവുകൊടുത്തു. താസിൽദാർ സംബന്ധത്തിന്നു തടസ്ഥം ചെയ്തു. മേനോൻ അതുകൊണ്ടു നില്ക്കുമൊ? നിന്നാൽ പെണ്ണു സമ്മതിക്കുമൊ? അവൾ അപ്പോഴേയ്ക്കും ഇവിടെ എത്തിക്കഴിഞ്ഞു. മേനോന്റെ പിന്നാലെ വിടാണ്ട് കൂടി. മേനോനെ അന്നൊക്കെ വീട്ടുകാൎക്കു വലിയ താല്പൎയ്യമായിരുന്നു. ഉടനെ അയാളൊരു സൂത്രം പ്രയോഗിച്ചു. അമ്മാമനേയും അമ്മായിയേയുംപററി എന്തൊക്കെയോ ദൂഷ്യം വീട്ടുകാരുടെ ചെവികളിൽ ഓതി് അവരേയും വീട്ടുകാരേയും തമ്മിൽ അകററി. തന്റെ മേനകയെ തൽക്കാലം വീട്ടിൽ കൊണ്ടുപോയി താമസിപ്പിച്ചു. അതോടുകൂടി താസിൽദാർ കേവലം വിരോധമായി. പിന്നെ അവളുടെ കയ്യിലുണ്ടായിരുന്ന പണംകൊടുത്ത് ഈ സ്ഥലം മേടിച്ചു. അതും അവളുടെ പേൎക്ക്. ഇതൊക്കെയാണ് ഇതിന്റെ ചരിത്രം. അങ്ങിനെയുള്ളവളെ അവളെന്നു വിളിക്കുന്നതിൽ എന്താണെടൊ തനിക്കിത്ര അത്ഭുതം! അവളൊ അവള് അവള്; ആയിരം അവള്.

ഗോ. നാ—ആട്ടെ, രാമേട്ടൻ നാടുവിട്ടുപോയതെന്തിനാ? അങ്ങോരുടെ വീട്ടിലേക്കു പോവായിരുന്നില്ലെ?

കുട്ട—ഏതു വീട്? വീട്ടുകാർ അയാളെ പുറത്താക്കീതും താനറിഞ്ഞില്ലെ? ശിവ! ശിവ! അയാൾ അവിടെ ചെയ്ത അക്രമങ്ങൾ ഇതിന്നേക്കാളൊക്കെ എത്ര കെങ്കേമം. ആ സാധുക്കളേയും ഇയ്യാൾ പെരുവഴിയാധാരമാക്കില്ലേടൊ. തന്റെ അമ്മയെ തട്ടിച്ചമാതിരിതന്നെ; അല്ലാണ്ടെന്താ. അച്ഛൻ മരിച്ചപ്പോൾ അങ്ങോരുടെ പെട്ടിയും പ്രമാണവും അയാൾ തട്ടിയെടുത്തുകൊണ്ടു

പോയില്ലെ? അന്നുവരെ അവിടെ കടക്കാത്ത ദുഷ്ടൻ. തന്റെ അമ്മയെ എന്തിനുകൊള്ളാം? അതുപോലെതന്നെ മേനകയെ പുലൎത്താൻ പുള്ളിക്കാരന്റെ ശമ്പളം മതിയാവില്ലെന്നുകണ്ടപ്പോൾ വീട്ടുകാരുടെ വായിൽ മണ്ണിടുവാൻ തീൎച്ചയാക്കി അവരിരിക്കുന്ന പറമ്പുംകൂടി പുള്ളിക്കാരൻ പണയപ്പെടുത്തിക്കളഞ്ഞു തറവാട്ടുകാൎയ്യം അന്വേഷിച്ചന്വേഷിച്ച് അവരെ പറഞ്ഞു പററിച്ചു—പെണ്ണുങ്ങളല്ലെ, പഠിപ്പും കുറയും; പിന്നെന്താ വിഷമം—ആധാരങ്ങളൊക്കെ ഒപ്പിടുവിച്ചു പണം വാങ്ങി മേനകയ്ക്കു കാഴ്ചവെച്ചു. അതാണുണ്ടായത്. അതോ പോട്ടെ. അവിടത്തെ ആ അമ്മയില്ലാത്ത പെൺകിടാവില്ലെ?—താനറിയില്ലെ ആ അമ്മിണിയെ?—എത്ര നല്ല കുട്ടി—പത്തുപതിനേഴ വയസ്സുപ്രായം—അതിനേയും ആട്ടിപ്പുറത്താക്കി. പിന്നെ എങ്ങിനെയാണ് അയാൾക്കു ഭ്രാന്തുപിടിക്കാണ്ടിരിക്കണെ. തന്റെ അച്ഛന്റെ ശാപം ഒന്നുമതീല്ലെ ഭ്രാന്തുപിടിക്കാൻ.

ഗോ. നാ—എന്ത്? അമ്മിണിയെ ആട്ടിപ്പുറത്താക്കിയൊ?

കുട്ടു—ഉവ്വ്, അമ്മിണിക്കുട്ടിയെ പുറത്തുകളഞ്ഞു.

ഗോ. നാ—എന്നിട്ടോ?

കുട്ടു—എന്നിട്ടെന്താ, ആ കുട്ടിയും നാടുവിട്ടുപൊയ്ക്കളഞ്ഞു.

ഗോ. നാ—അതിനെന്താ കാരണം? ആട്ടിപ്പുറത്താക്കാൻ?

കുട്ടു—കാരണോന്നും അറിഞ്ഞുകൂടാ. എന്തൊ നടപടിദൂഷ്യമാണെന്നാണ് കേട്ടത്. എന്തു ദൂഷ്യാടൊ? ഇതൊക്കെ ഈ ശവത്തിന്റെ പണിയാണ്. അവളിതൊക്കെ അനുഭവിക്കാണ്ടിരിക്ക്യൊ? നമുക്കു കാണാം.

ഗോപീനാഥൻ മൌനമവലംബിച്ചു. അവൻ എന്തോ അഗാധമായി ആലോചിക്കുകയായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ "ഏയ്! ഈ സ്ഥിതിക്ക് ഇവിടെ കയറിച്ചെല്ലാൻ കഴിയില്ല" എന്നു പറഞ്ഞ് അയാൾ അവിടെനിന്നു നടന്നുതുടങ്ങി. കൂട്ടുകാരനും കുറേയിട ഗോപീനാഥനെ അനുഗമിച്ചു.

൪

തൻെറ വ്യാപാരോദ്യമത്തിൽ അന്നും പരാജിതനായിട്ടാണ് ഗോപീനാഥനു മടങ്ങേണ്ടിവന്നത്. രാത്രി എട്ടുമണിവരെ പട്ടണത്തിൽ പല പ്രധാനപ്പെട്ട വീടുകളിലും പീടികകളിലും കയറിയിറങ്ങി ചുമടു ചുമന്നു കഷ്ടപ്പെട്ടതുമാത്രം മെച്ചം. ആ ഹാർമ്മോണിയം ഉണ്ടാക്കുവാൻവേണ്ടി അവനു ചിലവായതിൻെറ പകുതി വിലപോലും കൊടുത്ത് അതു വാങ്ങിക്കുവാൻ ആരും ഉണ്ടായില്ല. ഒടുവിൽ നിരാശനായി അവൻ വീട്ടിലേക്കു മടങ്ങി. തലയിൽ ഹാർമ്മോണിയവും വഹിച്ചു വിയർത്തൊലിച്ചു വയറൊട്ടി ബുദ്ധിമങ്ങി ക്ഷീണിച്ചു വഴിയിൽകൂടെ ഇരുട്ടത്തു നടന്നുപോകുന്ന ആ ബാലനെക്കണ്ടാൽ ഏതൊരുത്തനും അവനിൽ അനുകമ്പ തോന്നിപ്പോകും. "എന്തൊരു തലയിലെഴുത്താണ് ഈശ്വരാ എൻേറത്! എത്രകാലമായി ഞാനിങ്ങിനെ കഷ്ടപ്പെടുന്നു. അച്ഛനുണ്ടായിരുന്ന കാലത്തു ഞാനെത്ര സുഖമായിട്ടാണ് കഴിഞ്ഞിരുന്നത്. എൻെറ കഥ ഇത്തരത്തിലാകുമെന്ന് അക്കാലത്ത് ആരെങ്കിലും വിചാരിച്ചിരുന്നൊ? ഞാനൊ ഇങ്ങിനെയായി. എൻെറ അമ്മയുടെ കഥയൊ? അവരുടെ ആരോഗ്യം എവിടെപ്പോയി? അന്ന് എത്ര ആളുകളാണ് അവരെ കാണുവാൻ വീട്ടിൽ വന്നിരുന്നത്. ഇന്നൊരു മനുഷ്യൻ ഞങ്ങളെ തിരിഞ്ഞുനോക്കുന്നില്ല.

അന്ന് കാമനയെ എടുത്തു ലാളിച്ചിരുന്നവരിൽ ഒരാളെങ്കിലും ഇന്ന് അവളെ കണ്ടിട്ടുള്ളതായി നടിക്കുന്നില്ല! എത്രപേരായിരുന്നു അന്നെനിക്കു പരിചയക്കാർ. ഇന്നോ? ശിവ! ശിവ!! അന്ന് എവിടെച്ചെന്നാലും ആരും എന്നെ ബഹുമാനിച്ചിരുന്നു. ഇന്നിതാ ഞാനൊരു വെറും യാചകൻ! ഈശ്വരാ! ഞാനിങ്ങിനെ എത്ര കാലം കഷ്ടപ്പെടണമെന്നാണ് അവിടുന്നു വെച്ചിരിക്കുന്നത്? വലഞ്ഞു! ഭഗവാനേ! എൻെറ അമ്മയും ആ പിഞ്ചു കാമനയുമില്ലായിരുന്നെങ്കിൽ ഞാൻ വല്ലയിടത്തും പോയി ചത്തുകളയുമായിരുന്നു. അത്രത്തോളം വലഞ്ഞു, ദൈവമെ! എൻെറ ജഗദീശാ! അവിടുന്നു വിചാരിച്ചാൽ എൻെറ ഈ ബുദ്ധിമുട്ട് എത്ര ക്ഷണത്തിൽ നീങ്ങു—" ഗോപീനാഥൻെറ മനോരാജ്യം ഈ ഘട്ടത്തിലെത്തിയപ്പോൾ അവൻെറ അടുത്തു നേരെതന്നെ ഒരു കാർ കിടക്കുന്നതു കണ്ട് അവനൊന്നുണർന്നതുപോലെ ചുററുപാടും നോക്കി. നല്ല ഇരുട്ട്. അവൻ നിന്നിരുന്നിടത്തുനിന്നു കഷ്ടിച്ച് ഒരു മൈൽകൂടി നടന്നാൽ അവൻെറ വീട്ടിൽ എത്താം. കാറാരുടെയാണ്? ഗോപീനാഥൻ അടുത്തുചെന്നു നോക്കി. ഒരു സായ്പ് ആ കാറിൻെറ മുൻഭാഗത്തു നിന്ന് അതിൻെറ യന്ത്രം അഴിച്ചു പരിശോധിക്കുന്നതു കണ്ടു. യന്ത്രപ്പണികളിലും മററും സ്വതേ അതിയായ വാസനയുണ്ടായിരുന്ന ഗോപീനാഥൻ അടുത്തുചെന്ന് അഴിച്ചിട്ടിരിക്കുന്ന യന്ത്രപ്പെട്ടിയെ നോക്കിക്കൊണ്ടുനിന്നു. സായ്പ് അവൻെറ നേരെ നോക്കി, "നീയ്യാരാണ് കുട്ടീ?" എന്ന് ഇംഗ്ലീഷിൽ ചോദിച്ചു.

ഗോ. നാ—"ഞാനൊരു സാധുക്കുട്ടിയാണ് സാർ" എന്ന് ഇംഗ്ലീഷിൽതന്നെ മറുപടി പറഞ്ഞു. സായ്പിനു രസമായി.

സായ്പ് —ഈ ഇരുട്ടത്ത് നീ തനിച്ചെവിടയ്ക്കാണ് പോകുന്നത്?

ഗോ. നാ—ഞാൻ ഈ ഹാർമ്മോണിയം വില്ക്കു വാൻ പോയിരുന്നതാണ് സാർ. ഈ കാറിനെന്തു പററി യാംവൊ?

സായ്പ് —നല്ലകുട്ടീ! ഇതിൻെറ മെഷീനെന്തൊ ത കരാറുപററി. ഞാൻ വളരെ നേരമായി ശ്രമിക്കുന്നു. അ തു നേരെയാകുന്നില്ല. ഇങ്ങിനെ ഇതിന്നു മുമ്പ് ഉണ്ടാ യിട്ടില്ല.

ഗോ. നാ—ഞാനൊന്നു നോക്കട്ടെ സാർ?

സായ്പ് —(അത്ഭുതത്തോടുകൂടി) കുട്ടിക്ക് ഇതൊക്കെ വശമുണ്ടൊ? നോക്കാം, നോക്കാം; യാതൊരു വിരോധ വുമില്ല. ഞാൻ നോക്കാനുള്ളതൊക്കെ നോക്കിക്കഴിഞ്ഞു. ഇന്നിനി എന്താ വേണ്ടതെന്നാണ് ആലോചിക്കുന്നത്. ഇവിടെ അടുത്തെങ്ങാനും വേറെ കാർ കിട്ടുമോ കുട്ടി?

ഗോ. നാ—ഇവിടെയെങ്ങും കാർ കിട്ടില്ല സാർ. പട്ടണത്തിൽ പോണം.

സായ്പ് —പട്ടണം എത്ര അകലെയാണ്?

ഗോ. നാ—ഒരു നാലു മൈൽ അകലെയാണ്.

സായ്പ് —ഹോ! ഞാനിനി എന്താണ് വേണ്ടത്?

സംസാരിക്കുന്നതിന്നിടയ്ക്കു ഗോപീനാഥൻ ആ മെ ഷീൻ പരിശോധിക്കുന്നുണ്ടായിരുന്നു. ഹാർമ്മോണിയം താഴത്തിറക്കിവെച്ച് അവൻ കുനിഞ്ഞുനിന്നു കാറിൻെറ ഓരോ ഭാഗവും സൂക്ഷിച്ചുനോക്കി. അവൻെറ നോട്ടത്തി ൻെറ സമ്പ്രദായം കണ്ടപ്പോൾതന്നെ സായ്പിന് അവ നൊരു സമർത്ഥനാണെന്നു ബോദ്ധ്യപ്പെട്ടു. പത്തുപതിന ഞ്ചു മിനിട്ടു കഴിഞ്ഞപ്പോൾ ഗോപീനാഥൻ സന്തോഷ ത്തോടുകൂടെ സായ്പിൻെറ കയ്യിൽനിന്നു ചവണയും ചു

ററികയും വാങ്ങി യന്ത്രത്തിന്റെ ഒരു ഭാഗത്തു എന്തൊ ശരിപ്പെടുത്തി; "ഇപ്പോൾ എല്ലാം ശരിയായിട്ടുണ്ടു, സാർ" എന്നു പറഞ്ഞു.

സായ്പ്—"എന്ത്!" എന്ന് അത്യത്ഭുതത്തോടുകൂടെ ചോദിച്ചുകൊണ്ട് അവൻ പറഞ്ഞതു ശരിയൊ എന്നു പരീക്ഷിപ്പാൻവേണ്ടി വണ്ടിയിൽ കയറിയിരുന്നു വണ്ടി നടത്തിനോക്കി. കാറുകളെ സംബന്ധിച്ച സകല യന്ത്രവിദ്യകളും ഒരുവിധം ഗ്രഹിച്ചിട്ടുണ്ടായിരുന്ന സായ്പിനാവട്ടെ താൻ എത്രതന്നെ ശ്രമിച്ചിട്ടും ശരിപ്പെടുത്തുവാൻ സാധിക്കാതിരുന്ന അതിന്റെ ഊനം ഇത്രക്ഷണത്തിൽ വെറും ഒരിരപ്പാളിയെപ്പോലെ കാണപ്പെട്ട ആ ചെറുപ്പക്കാരൻ കണ്ടുപിടിച്ചു ശരിപ്പെടുത്തിയതിൽ എന്തെന്നില്ലാത്ത സന്തോഷവും അത്ഭുതവുമുണ്ടായി. ആ വണ്ടിയിൽ സായ്പും അദ്ദേഹത്തിന്റെ മദാമ്മയും മാത്രമെയുണ്ടായിരുന്നുള്ളു. അവരിരുവരും വണ്ടിയിൽനിന്നു ചാടിയിറങ്ങി ഗോപിനാഥന്റെ പുറത്തു തപ്പാളിച്ചുകൊണ്ടു "മിടുക്കൻ! മിടുമിടുക്കൻ" എന്നു പറഞ്ഞു. സായ്പ് അദ്ദേഹത്തിന്റെ കീശയിൽനിന്നു നാലു പവൻ എടുത്തു ഗോപിക്കു സമ്മാനിച്ചു. ഇതിന്നുമുമ്പു ഗോപീനാഥന് ഇങ്ങിനെ ഒരു സമ്മാനം കിട്ടുകയുണ്ടായില്ല. അവന്റെ കണ്ണുകളിൽ സന്തോഷാശ്രുക്കൾ നിറഞ്ഞു. അവനു സംസാരിപ്പാൻ വയ്യാതായി. ആ വിവരം സായ്പിനു മനസ്സിലായി. അദ്ദേഹം അവന്റെ സകല വിവരങ്ങളും ചോദിച്ചറിഞ്ഞു. അതിന്റെ ശേഷം നാലു ദിവസത്തിനകത്ത് താൻ ആ വഴിതന്നെ മടങ്ങിവരുമെന്നും അപ്പോൾ ഗോപീനാഥനെ കണ്ടുകൊള്ളാമെന്നും അവന്റെ ദാരിദ്ര്യത്തിന് എന്തെങ്കിലും ഒരു പരിഹാരമുണ്ടാക്കികൊടുക്കാമെന്നുംശപഥം ചെയ്തു സായ്പുപിരിഞ്ഞു.

ഗോപീനാഥന്റെ ഹാർമ്മോണിയവും സാദ്ധ്യ വിലയ്ക്കു വാങ്ങി. അവനു യഥാൎത്ഥത്തിൽ ചിലവായ സംഖ്യയുടെ നാലിരട്ടി വിലയാണ് സാദ്ധ്യ സന്തോഷസമേതം കൊടുത്തത്. സന്തോഷാധിക്യത്താൽ മതിമറന്ന ഗോപീനാഥൻ അന്നു വീട്ടിലെത്തിയതെങ്ങിനെയാണെന്നും അമ്മയുടേയും സഹോദരിയുടേയും അടുക്കൽ എന്തെല്ലാം കഥകളാണ് അവനു പറയുവാനുണ്ടായിരുന്നതെന്നും വൎണ്ണിക്കാൻ പ്രയാസം. (തുടരും)

എം. ജി. കൃഷ്ണമേനോൻ.

## ഭക്തിലഹരി

ഭവഭയഹരമാകും നിമ്പദോപാസനംകൊ-
ണ്ടവശത വിഷയാന്ധന്മാരിലമ്മേ! നശിക്കും.
തവ നതിനുതി നിത്യം ശാസ്ത്രരീത്യാ നടത്തു-
ന്നവനു വഴിപിഴയ്ക്കാതെങ്ങുമിങ്ങും നടക്കാം. ൧

പിറവിമുതലഹോ! ഞാൻ ചെയ്ത കൎമ്മങ്ങളെല്ലാം
മറയുടെ നിലനില്ലേ! നിങ്കലൎപ്പിച്ചു സൎവ്വം
പറയരുമിതു ചെയ്താൽ ശുദ്ധരാം, ശുദ്ധരല്ലാ
മറയവരിതു ചെയ്തില്ലെങ്കിലെന്നല്ലി ശാസ്ത്രം. ൨

അതിഭയജനകം താൻ ദ്വൈതമാദ്വൈതമോ ഞാൻ
പ്രതിദിനമുളവാക്കും മായ ബാധിക്കമൂലം
ഇതിലൊരു കൃപ "രണ്ടില്ലൊക്കെ നീയ്യെന്നു" റയ്ക്കു-
ന്നതിനരുളണമമ്മേ! മായ പിന്നെത്തൊടില്ല. ൩

ധനികരൊടനുബന്ധം മൎത്ത്യരിൽ ശ്രീകണക്കാ-
മുനിജനസഹവാസം ഭക്തി ചേൎക്കും വളൎക്കും
അനിശമടിയനമ്മേ! സാധുസംഗം ലഭിപ്പാൻ
കനിയുകിലിവനൊക്കും ഭക്തി, പാപം ക്ഷയിക്കും. ൪

രതി ഭവതിയിൽ മുഖ്യം മററു മാർഗ്ഗങ്ങളേക്കാൾ
സ്തുതി നതിയിവയാൽ ഞാനുൾക്കുളുത്തുച്ചമുച്ചം
സതി! തവ തിരുനാമം പാടിയാലസ്സ്യമില്ലാ-
തതിരസമുലകൊക്കെച്ചുററുവാനാഗ്രഹിപ്പൂ. ൫

ചരമചരവുമമ്മേ! ഭൂതജാതങ്ങൾ ഭൂത-
പ്പുറവി തിരുവടിത്താരിങ്കൽനിന്നെന്നു കേൾപ്പൂ
നിരവധി തവ രൂപംതന്നെയിക്കാണ്മതെന്നാ-
യ്ത്തുരളലിവൊടു കാണാം കാക്കൽ വീഴാം നമിക്കാം. ൬

ഒരുപടിദിനമേവം പോക്കമപ്പോൾ ഭവാനി-
ക്കൊരു കരുണ ജനിക്കും ഞാനമപ്പോൾ ജയിക്കും
വരുമരിയ വിരാഗം ഭക്തി വർദ്ധിക്കുമുള്ളിൽ
തിരുവടിയുടെ തത്വജ്ഞാനവും വന്നുദിക്കും. ൭

മനമവിടെയുറപ്പിച്ചെപ്പൊഴും ധ്യാനമാന്നാൽ
ജനനി! നഹി ഭവോത്ഥം ക്ഷുത്തൃഡാദിക്കുഴപ്പം
പുനരിവനഴലുണ്ടോ? സൌഖ്യമുണ്ടോ? ഭവാധി-
ക്കനലുമിഹ തണുക്കും സച്ചിദാനന്ദമൊക്കും. ൮

മതിബലമിവനില്ലാ ഭൂതജാലങ്ങൾ നീതാ-
നിതി കരുതിയുറയ്ക്കാനെങ്കിലോ ലോകതായേ!
ധൃതികളവൊരു രാഗദ്വേഷദോഷം കളഞ്ഞാ-
ളതിയതു വഴിനേടും ഭക്തിയും മുക്തിയും ഞാൻ. ൯

തവ തിരുവുടൽ തായേ! മായ കാണാനയക്കാ-
തവളിവനെ മയക്കിസ്സാരമില്ലാത്ത സൌഖ്യം
ദിവസവുമളവാക്കിപ്പോക്കി വട്ടംതിരിക്കും
വിവരമഖിലമമ്മയ്ക്കോൎമ്മവന്നാൽ ജയിച്ചു. ൧൦

തിരുവടിയുടെ ശുദ്ധം ദാസിയാമായ ഭക്ത-
ക്കൊരുഭയമവളേകില്ലെന്നെനിക്കുണ്ടു ബോദ്ധ്യം
പെരുകുമുലകമേവം തീൎത്തു കാത്തോത്തഴിക്കും
വിരുതിളകിന തൃക്കണ്ണേററവൻതന്നെ ഭക്തൻ. ൧൧

പെരുകുമഴലിലാഴും ജീവജാലത്തെയുള്ളിൽ
കരുതുകിലൊരു തുമ്പുംപാല്യമില്ലൊക്കെ ദുഃഖം
ഗുരുവരുളിയ രീത്യാ നിന്നെ ഃയാത്തൊത്താഴിക്കാ-
തൊരുസുഖവഴി നേടാമ്പ് ഭാവി ഞാൻ ഭംഗിയാക്കാം.

അഴച്ചിലമരരോക്കും തൃപ്പദാമ്പ്ജം മനസ്സിൽ
പിഴ പിണയുകിലന്നന്നൊക്കെ ഞാനോത്തുകൊള്ളാം
കൊഴമറികളകററിത്തൂക്കടക്കണ്ണുകൊണ്ടൊ-
ന്നഴകൊടുഴിക ദൃഷ്ടാദൃഷ്ടഃദോഷംങ്ങൾ നീങ്ങാൻ. ൫൩

ഭുവനജനനി! സത്യം പത്ഥ്യമെന്താണെനിക്കെ-
ന്നിവനൊരു പിടികിട്ടുന്നില്ല നട്ടംതിരിഞ്ഞു
ഭവതി വിഷയമെല്ലാം നല്ലവണ്ണം നിനച്ചി-
യവശത ഹിതമേകിത്തീക്കുകിൽ തീൎന്നതാകും. ൫൪

നിരവധിയപരാധം ചെയ്തിരിക്കാം പദാമ്പ്ജ-
സ്മരണയുമിവനൊത്തിട്ടില്ല, ലോകൈകമാതേ!
വരമരുളുക പശ്ചാത്താപമാൎന്നോരെനിക്കീ-
നരകമൊഴിയുവാൻ നീ, ഭാവി നന്നാകുമെന്നാൽ. ൫൫

നിഗമനിര പുകഴ്ത്തും നിന്നെ നിത്യം നിനച്ചും
വിഗതകലുഷമുള്ളിൽ കാണുമാദ്ദിവ്യരൂപം
ഭഗവതി തിരുമുമ്പിൽ കാത്തുനിന്നല്ലൽ ചൊല്ല-
ന്നഗതിയിലലിവാൎന്നെന്നാകിൽ ഞാൻകാണുമമ്മേ! ൫൬

ജനനിയുലകിനെല്ലാം മക്കളീജ്ജീവജാലം
തനയരിലൊരുവൎക്കും സൌഖ്യമില്ലൊക്കെ ദുഃഖം
ദിനസരിയിതു കണ്ടുംകൊണ്ടനങ്ങാതിരിക്കും
മനമയി ശിലയോ? തേ ശൈലരാജേന്ദ്രകന്യേ! ൫൭

കലിയുടെകളിയെല്ലാം കാലദോഷത്തിലാക്കും
വലിയ ദുരിതമുണ്ടാം കമ്മദോഷത്തിനാലും
ഫലിതമരുളിയേവം കയ്യൊഴിച്ചാലൊഴിക്കി-
ല്ലലിവടിയനിലൊക്കും നാൾവരെക്കും നമിക്കും. ൫൮

നമനവിധി നടക്കും നാമമേറെജ്ജപിക്കും
ശമഗുണമിവനൊക്കും നിന്നെ ഞാനുള്ളിലാക്കും
വിമലപദമണസ്സും ഭക്തിയപ്പോൾ ജനിക്കും
ശ്രമജലധിയിൽ മുക്കും 'മാലിനിക്കും' ശമിക്കും. ൨൯

മറയുടെ പൊരുളാകും നിൻമഹത്വങ്ങൾ മായാ-
മറയുടെ മറവരോരോതി ഞാൻ കേട്ടിരിപ്പൂ
മറവതിനു വരുന്നില്ലിപ്പൊഴും മന്മനസ്സാ-
മറയിലരുളുകംബേ! യോഗിചിത്താവലംബേ! ൩൦

നടുവത്തു മഹൻനമ്പൂരി.

## മാതൃകാമാതാവ്

(തുടൎച്ച)

പ്രഭാകരൻ എന്ന കുട്ടി ഒരു ദിവസം വൈകുന്നേരം പാഠാലയത്തിൽനിന്ന് ഉത്സാഹപൂർവ്വം വീട്ടിൽ എത്തി അമ്മയെ വിളിച്ചു, സ്കൂൾവാർഷികദിനത്തിൽ താൻ പ്രഭാപൂരിതമായ ദിവ്യരൂപം ധരിച്ച് അഭിനയിക്കാൻ പോകുന്നുവെന്ന് ആഹ്ലാദഭരിതനായി പറഞ്ഞു. അമ്മ മകൻെറ ദിവ്യരൂപം കാണുന്നതിനു സന്തോഷപൂർവ്വം കാത്തിരുന്നു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ വാർഷികദിനാഘോഷത്തിൽ പങ്കുകൊള്ളുന്നതിനു ക്ഷണമനുസരിച്ച് അയൽപക്കക്കാരുമൊന്നിച്ചു പ്രഭാകരൻെറ മാതാവും യാത്രയായി. മകനെ സുവർണ്ണമയമായ മോഹനരൂപത്തിൽ കണ്ടപ്പോൾ മാതാവിനു വളരെ കൌതുകം തോന്നി. ആ വേഷത്തിൽതന്നെ അവനെ വീട്ടിലേക്കു തിരിച്ചുകൊണ്ടുപോരികയുംചെയ്തു. വഴിയിൽവെച്ചുതന്നെ കുട്ടി വല്ലാതെ ക്ഷീണിച്ചു ബോധമില്ലാതായി.

എന്നാൽ കളിച്ചതുകൊണ്ടുള്ള ക്ഷീണംനിമിത്തമാണെന്നു വിചാരിച്ചുപോയ ആ സാധുസ്ത്രീ ക്ഷീണത്തിനു വേണ്ട ഉപശാന്തികൾ നോക്കി. എന്നാൽ കുട്ടിക്കു ക്രമേണ പരിഭ്രമം വൎദ്ധിച്ചുവന്നു. അപ്പോൾ കാരണമറിവാൻ പാടില്ലാത്തതിനാൽ ഡോക്ടരെ വരുത്തുന്നതിന് ആളയച്ചു. ബുദ്ധിഹീനയായ മാതാവിനും കൂട്ടൎക്കും ഡോക്ടർ വന്നതിൽ പിന്നീടാണ് കാൎയ്യം മനസ്സിലായത്. എന്നാൽ സമയം അതിക്രമിച്ചുപോയതിനാൽ ഡോക്ടരുടെ ഔഷധങ്ങളൊന്നും ഫലിച്ചില്ല. നിരപരാധിയായ ആ കുട്ടി ഏതാനും നിമിഷങ്ങൾക്കുള്ളിൽ മരിച്ചുപോയി. രോമകൂപങ്ങൾ അടഞ്ഞിരുന്നതാണ് കാരണമെന്നു സ്പഷ്ടം! വാർണീഷ് ഉപയോഗിച്ചു കടുവാവേഷം മുതലായവ കെട്ടുന്നവർ കൂടക്കൂടെ ദേഹത്തിൽ വെള്ളമൊഴിക്കുന്നതു നാം കാണുന്നുണ്ടല്ലോ. ഇങ്ങിനെ നോക്കുമ്പോൾ രോമകൂപങ്ങൾ സദാ ശുദ്ധമായിരിക്കേണ്ടത് എത്രയും ആവശ്യമാണെന്നു വന്നുകൂടുന്നു.

സ്നാനം—നമ്മുടെ ത്വക്കിനെ ശുചീകരിക്കുന്നതിനു പ്രധാനമായുള്ള ഉപായം സ്നാനമാകുന്നു. ഉഷ്ണഭൂമിയായ നമ്മുടെ നാട്ടിൽ ത്വക്കിന് അധികം ജോലിചെയ്യാൻ സൌകൎയ്യം ലഭിക്കയും, തന്നിമിത്തം ത്വക്കിൽ മാലിന്യം അനുപദം വൎദ്ധിക്കയും ചെയ്യുന്നു. അതിനാൽ നമുക്കു ദിവസം രണ്ടുനേരം സ്നാനം ആവശ്യമാണ്. ദേഹത്തിൽ മെഴുക്കു (കൊഴുപ്പ്) ചേൎന്നിരിക്കുന്ന അഴുക്കു കളയുന്നതിന് ഇഞ്ച, സോപ്പ്, താളി, പിണ്ണാക്ക്, പയറുപൊടി മുതലായവയിൽ ഏതെങ്കിലും ഉപയോഗിക്കാവുന്നതാണ്.

എണ്ണ തേച്ചുകുളിക്കുന്നത് ഉഷ്ണഭൂമിയിൽ വളരെ സുഖപ്രദമാണ്.

“അഭ്യംഗമാചരേന്നിത്യം സജരാശ്രമവാതഹാഃ” ഇത്യാദി അഷ്ടാംഗഹൃദയപദ്യം (അഭ്യംഗം) എണ്ണതേച്ചുകുളിയുടെ പ്രാധാന്യത്തെ സ്പഷ്ടമാക്കുന്നു. അഭ്യംഗം ത്വക്കിന്റെ മാർദ്ദവമുണ്ടാക്കുകയും ശിരസ്സിനും കണ്ണുകൾക്കും കുളുർമ്മ നല്കുകയും ദേഹത്തെ പോഷിപ്പിക്കുകയും ചെയ്യുന്നു. എണ്ണകൾ കൃമിഹരങ്ങളാകയാൽ ചൊറി, ചിരങ്ങു മുതലായവയ്ക്കും എണ്ണതേച്ചുകുളി ഒരു നിവാരണമാർഗ്ഗമാണ്. എണ്ണ തേക്കുമ്പോഴും കുളിക്കുമ്പോളും ദേഹം അമർത്തി തിരുമ്മുന്നതിനാൽ രക്തസഞ്ചാരം ശരിയായി ഉണ്ടാകുകയും മാംസപേശികൾക്കു ദാർഢ്യമുണ്ടാകുകയും ചെയ്യുന്നു. എന്നാൽ എണ്ണ തേച്ചുകുളിക്കുന്നതിനു മുമ്പായിട്ട് ആ മെഴുക്കു നല്ലവണ്ണം കളഞ്ഞു കുളിക്കേണ്ടതാണ്. മെഴുക്കു ദേഹത്തിൽ കിടന്നാൽ അഴുക്കുകൾ വേഗത്തിൽ വന്നുപററുന്നു; അതിനാൽ മെഴുക്കു ദേഹത്തിൽ വളരെ നേരം കിടക്കുന്നത് അനാശാസ്യമാണ്.

നിത്യവും രാവിലെ തണുത്ത വെള്ളത്തിൽ സ്നാനം ചെയ്യുന്നത് എത്രയും ആരോഗ്യപ്രദമാണ്. സ്നാനാനന്തരം അതിവ്യായാമം ചെയ്യുന്നതു നല്ലതല്ല. രോഗികൾ, കുഞ്ഞുങ്ങൾ, വൃദ്ധന്മാർ എന്നിവർക്കു ചൂടുവെള്ളമാണ് സ്നാനത്തിന് ഉത്തമം. എണ്ണതേച്ചുകുളിക്കും ചെറുചൂടുള്ള വെള്ളം ഉപയോഗിക്കുന്നതു നല്ലതു തന്നെ. ദേഹത്തിലുള്ള അഴുക്കുകളെ നിശ്ശേഷം നീക്കുന്നതിനു ചൂടുവെള്ളത്തിനു തണുത്തതിനേക്കാൾ ശക്തിയുണ്ട്. എന്നാൽ സ്നാനത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ചൂടു ക്രമത്തിലധികമാകുന്നത് ആരോഗ്യത്തിനു ഹാനികരമാണ്. ചൂടുവെള്ളത്തിൽ കുളിച്ചുകഴിഞ്ഞയുടനെ ശീതവാതമേൽക്കുന്നതും വിഹിതമല്ല. അരോഗദൃഢഗാത്രന്മാർക്കു തണുത്ത ജലത്തിലുള്ള കുളി സുഖകരവും ഉന്മേ-

ഷജനകവും ആകുന്നു. അതിനാല്‍ കഴിവുള്ളിടത്തോളം അതിരാവിലെ തണുത്ത ജലത്തില്‍ കുളിക്കുന്നതത്രേ ഉത്തമമായിട്ടുള്ളത്.

കലശലായി വിശന്നിരിക്കുമ്പോഴും ആഹാരം കഴിഞ്ഞു കുറഞ്ഞപക്ഷം ഒന്നരമണിക്കൂറിനുള്ളിലും ദേഹം വിയര്‍ത്തോ ക്ഷീണിച്ചോ ഇരിക്കുന്ന അവസരത്തിലും സ്നാനം നിഷിദ്ധമാകുന്നു. കടലിലും നദിയിലും നീന്തി കുളിക്കുന്നത് ഏററവും സുഖപ്രദമാണ്. ശൈത്യമോ കുളിരോ തോന്നുമ്പോഠം കുളി ഉടന്‍ നിറുത്തണം. കുളി കഴിഞ്ഞാല്‍ വൃത്തിയുള്ള തോര്‍ത്തുകൊണ്ടു നല്ലവണ്ണം അമര്‍ത്തി ദേഹമശേഷം തോര്‍ത്തേണ്ടതാണ്. തോര്‍ത്തുന്ന തുണിയില്‍ അഴുക്കോ മെഴുക്കോ ഉണ്ടായിരുന്നാല്‍ ദേഹം വീണ്ടും മാലിന്യപ്പെടുന്നു. നല്ലവണ്ണം തോര്‍ത്തുമ്പോഠം രക്തസഞ്ചാരം വീണ്ടും ക്രമമായുണ്ടാകുകയും ശരീരത്തിന്‍െറ ചൂടു ക്രമപ്പെടുകയും ചെയ്യുന്നു. കുളി കഴിഞ്ഞ് ഈറന്‍വസ്ത്രങ്ങഠം ധരിക്കാന്‍ പാടില്ല. ശുദ്ധവസ്ത്രങ്ങഠം ധരിക്കുന്ന വിഷയത്തിലും പ്രത്യേകം ശ്രദ്ധിക്കണം. കൂടക്കൂടെ വെള്ള മാറുന്നതിനു നിവൃത്തിയില്ലാത്തവര്‍ നിത്യവും കൃത്യമായി വസ്ത്രം നനച്ചു കുളിക്കേണ്ടതാണ്. പകലുള്ള അദ്ധ്വാനവും ചൂടുംകൊണ്ടു വിയര്‍പ്പും അഴുക്കും പററി ദേഹം മലിനമാകുന്നു. ദേഹാദ്ധ്വാനം ചെയ്യുന്നവരെപ്പോലെതന്നെ സ്വസ്ഥവൃത്തിയില്‍ ഏര്‍പ്പെട്ടിരിക്കുന്നവരുടെ ത്വക്കിലുള്ള കുഴലുകളും അവയുടെപ്രവൃത്തി എല്ലാസമയവും നടത്തിക്കൊണ്ടിരിക്കും. അതിനാല്‍ എല്ലാവരും അവരവരുടെ ത്വക്കു ശുചിയാക്കിവെക്കുന്നതില്‍ പ്രത്യേകം ശ്രദ്ധിക്കണം. വൈകുന്നേരം കുളിച്ചെങ്കില്‍ മാത്രമേ രാത്രി മുഴുവനും ദേഹം ശുചിയായിരിക്കയുള്ളു. ചെറുചൂടുള്ള വെള്ളത്തില്‍ വൈ

കുന്നേരം സ്നാനം ചെയ്യുന്നത് ഉറക്കത്തിനു സാഹായ്യകമായിരിക്കും. അതിനാൽ ദിനാന്തത്തിൽ രണ്ടാമതൊരു കുളി ഏവക്കും അത്യാവശ്യമാണ്.

എൻ. പൊന്നമ്മ.

---

## പുസ്തകാഭിപ്രായം

### സാഹിത്യപരിമളം

പേരിന്നും പ്രമേയത്തിന്നും തമ്മിൽ പൊരുത്തം വരുത്തിട്ടുള്ള ഖണ്ഡകൃതികൾ അടുത്തകാലത്ത് ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. കുടുംബാംഗങ്ങൾ വദ്ധിക്കുമ്പോൾ പേരിന്നുപെരുപ്പം വരുത്താതെ തരമില്ലല്ലൊ. അപ്പോളാണ് പുരുഷോത്തമൻ പുരുഷാധമനും പീതാംബരൻ കുചേലനുമായി കാണപ്പെടുന്നത്. എന്നാൽ ഈ 'സാഹിത്യപരിമളം' കുട്മളങ്ങളെ അതിക്രമിച്ചും വികസിതങ്ങളെ സമാശ്രയിച്ചുമിരിക്കുന്നതിനാൽ പുസ്തകത്തിന്റെ അഭിധാനത്തിന്നു വ്യഭിചാരദോഷം പററിപ്പോയിട്ടില്ല.

പതിനാലു വിഷയങ്ങൾകൊണ്ടാണ് ഈ പുസ്തകം പരിപൂർണ്ണമാക്കിയിരിക്കുന്നത്. ലളിതമായ പ്രതിപാദനരീതികൊണ്ടും ഹിതങ്ങളായ കവിതാജാതികൾകൊണ്ടും ഈ കൃതി മുഴുവനും മുഷിയാതെ വായിച്ചുതീക്കാവുന്നതാകുന്നു. പക്ഷെ 'ദാമനത്തിങ്കൾ' കൈപ്പുണ്യമില്ലാത്ത വെപ്പൻ വെച്ചതുപോലെയിരിക്കുന്നു. കവിക്കു, കഥയുണ്ടെന്നു തെളിയിക്കുന്നതാണ്. 'തേനരം കുഞ്ഞനും' ഒരു ദിവ്യതാരത്തിൽ,

"മഹാനാമമേതൊരുൽകൃഷ്ടക്ഷാത്രവംശസമുത്ഭവൻ
വരിച്ചു സാഹിതി! നിന്നെ പ്രേമലോലാർദ്രലോചനം,
കല്യാണവേദിമേൽവെച്ചിട്ടതവൻനിൻെറ കാമുകൻ
ശത്രുക്കളെ ജയിച്ചാത്മപ്രിയയായനിന്നെ വേട്ടവോ?
സച്ചിൽപ്രകാശനായ്യിന്നിൽ നിച്ചിലും നിഷ്കളങ്കനായ്
അത്തമ്പുരാൻ ജയിക്കുന്നു കൊച്ചുകൊച്ചുണ്ണിഭൂമിപൻ!"

ഇങ്ങിനെ കാണുന്നു. കവിസാർവ്വഭൌമനായിരിക്കുന്ന ആ യോഗിവയ്യൻെറ ദിവ്യശക്തികൾ അറിവാൻ കഴിയാതെ അദ്ദേഹത്തെ അപഹസിക്കുന്ന ചില മഹാകവികൾ ഈ യുവകവിയുടെ 'ദിവ്യതാരം' വായിച്ചു പഠിക്കട്ടെ. എന്നാൽ സവ്വമംഗളങ്ങളും സംഭവിക്കാതിരിക്കുന്നതല്ല. ഗ്രന്ഥകത്താവു മാമ്പററ വിരൂപാക്ഷൻനമ്പൂരി അവർകളും പ്രസാധകൻ മിസ്റ്റർ വി. പി. മാധവ്വദാസ്സുമാകുന്നു. വില ആറണ.

---

## ൨. ഭജഗോവിന്ദം
## എന്ന
## ദ്വാദശമഞ്ജരികാസ്തോത്രം

ശ്രീമച്ഛങ്കരാചാര്യസ്വാമികൾ പരദേശത്ത് ഒരു തെരുവിൽക്കൂടി പോകുമ്പോൾ ഒരു ബ്രാഹ്മണൻ 'ഡുകൃഞ് കരണേ' എന്നു ശ്രദ്ധാപൂവ്വം ഉരുവിട്ടുകൊണ്ടിരിക്കുന്നതു കേട്ടിട്ട് അദ്ദേഹത്തെ ജ്ഞാനോപദേശം ചെയ്ത സ്തോത്രമാണിത്. ഇപ്പോഴത്തെ ഏതു ഭജനക്കാരിലും ഈ സ്തോത്രം പ്രാമാണ്യം വഹിച്ചുപോരുന്നുണ്ട്. അത്രമാത്രം പോരാ 'അത്ഥമനത്ഥം' എന്നു തോന്നാത്ത ഹിന്ദുമലയാളികൾ നന്ന ചുരുക്കവുമാകുന്നു. ഇത്ര പ്രശസ്തമായ ഈ സ്തോത്രം സംസ്കൃതജ്ഞാനമില്ലാത്ത മലയാളികൾക്കു സുഗ്രഹമാംവണ്ണം വ്യാഖ്യാനിച്ച 'നെന്മാറല

ക്ഷ്മീനിലയം' സംസ്കൃതപാഠശാലയിൽ ദ്വിതീയാദ്ധ്യാപകനായ പി. വിശ്വനാഥൻനായർ അവർകളുടെ പരിശ്രമം പ്രയോജനകരംതന്നെ. 'വിജ്ഞാനമാർഗ്ഗദർശിനീഗ്രന്ഥമാല'യിലെ അഞ്ചാം രത്നമാണിത്. പരിഭാഷകനു സർവ്വാഭ്യുദയങ്ങളും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു. വില രണ്ടണ.

---

## ൩. യോഗക്ഷേമപഞ്ചാംഗം

ഈ പഞ്ചാംഗത്തിൻെറ ൧൦-ാം പുസ്തകം 'ശോണവർണ്ണാഞ്ചിതലളിതപദാലംകൃതിപ്രൌഢി'യോടെയാണ് പുറപ്പെട്ടിരിക്കുന്നത്. ഒരേ സമയത്തുതന്നെ കണ്ണിന്നും കരളിന്നും ആനന്ദം നല്കുന്നതായ ഒരു പഞ്ചാംഗം ഇതല്ലാതെ ഇതുവരെ മലയാളത്തിലുണ്ടായിട്ടില്ല. ഇതിൻെറ പ്രണേതാക്കളായ ബ്രഹ്മശ്രീമാന്മാരായ കാണിപ്പയ്യൂർ ശങ്കരൻനമ്പൂരിപ്പാട് അവർകളേയും മാന്നാനം പാറ ശങ്കരനാരായണൻനമ്പൂരി അവർകളേയും ഞങ്ങൾ ഹൃദയപൂർവ്വം അഭിനന്ദിച്ചുകൊള്ളുന്നു. കുന്നംകുളം 'പഞ്ചാംഗമുദ്രശാല'യും പ്രശംസയ്ക്കു പാത്രമാണ്. എട്ടണ വില.

---

## ൪. യന്ത്രവിധികൾ
### (ഭാഷാവ്യാഖ്യാനസഹിതം)

ശ്രീപരശുരാമൻ കേരളത്തിൻെറ രക്ഷയ്ക്കായി അഷ്ടവൈദ്യന്മാരെ നിയമിച്ചതുപോലെ. ആറു മാന്ത്രികകുടുംബക്കാരേയും നിയമിച്ചു എന്നാണല്ലോ ഐതിഹ്യം. അവരിൽ മൂന്നു കുടുംബക്കാർ സന്മന്ത്രവാദികളും ശേഷം കുടുംബക്കാർ ദുർമ്മന്ത്രവാദികളുമായിരുന്നു. ഈ ഒടുവിൽ പറഞ്ഞ കൂട്ടർ സന്മന്ത്രവാദവും ചെയ്യാറുണ്ട്. എന്നാൽ

ആദ്യം പറഞ്ഞവർ ഒരുകാലത്തും ദുർമ്മന്ത്രവാദം ചെയ്യുംറില്ല. എപ്പോഴും സിദ്ധമന്ത്രം ധരിക്കണമെന്നാണ് സിദ്ധാന്തം. എന്നാൽ അതിന്നു സാധിക്കാത്തവർ യന്ത്രധാരണം ചെയ്താലും കഴിച്ചുകൂട്ടാവുന്നതാണ്. ഈ യന്ത്രവിധികളെ പിഴകൂടാതെ സപ്രമാണം പ്രസ്താവിക്കുന്ന ഗ്രന്ഥങ്ങൾ ദുർല്ലഭങ്ങളാകയാൽ, മന്ത്രശാസ്ത്രത്തിൽ മാത്രമല്ല മററു പല ശാസ്ത്രങ്ങളിലും നൈപുണ്യം സമ്പാദിച്ചിട്ടുള്ള കാണിപ്പയ്യൂർ ശങ്കരൻനമ്പൂരിപ്പാട് അവർകളും കുററിയാട്ടു ശ്രീധരൻനമ്പൂരി അവർകളുംകൂടി മലയാളഭാഷയിൽ വ്യാഖ്യാനിച്ചിട്ടുള്ളതാണ് ഈ യന്ത്രവിധികൾ. ഇതിൽ ആകെ ൨൦൭ യന്ത്രങ്ങളെപ്പററി പറയുന്നുണ്ട്. അവ വൈഷ്ണവയന്ത്രങ്ങൾ ൨. ശൈവയന്ത്രങ്ങൾ ൫. ദൈവികയന്ത്രങ്ങൾ ൪. നാനായന്ത്രങ്ങൾ ഇങ്ങിനെ നാലായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. മന്ത്രവാദികളിൽ ഓരോരുത്തരുടേയും ഇഷ്ടദേവത ഓരോന്നായിരിക്കുന്നതിനാൽ ഇഷ്ടംപോലെയുള്ള യന്ത്രങ്ങൾ തിരെഞ്ഞെടുക്കുന്നതിന്നു മേല്പറഞ്ഞ വിഭാഗം സഹായിക്കുന്നതാണ്. സന്മന്ത്രവാദത്താൽ ലൌകികപാരത്രികസുഖങ്ങൾ ലഭിക്കുന്നതാണ്. എന്നാൽ അതിൽ വല്ല പിഴയും പററിപ്പോയാൽ അതുതന്നെ 'പൊറുക്കാൻ കഴിച്ചിട്ടു മരിക്കാനിടയാകും' എന്ന മട്ടിൽ കലാശിക്കുന്നതാകുന്നു. മന്ത്രവാദത്തിൽ കേളികേട്ട മലയാളികളുടെ യശസ്സിന്നു ഹാനിവരുത്താതിരിക്കാൻ ഈ പുസ്തകം സഹായിക്കുന്നതാകയാൽ മന്ത്രവാദികളെല്ലാം വാങ്ങിവായിച്ച് അവരുടെ പ്രവൃത്തികൾ ശുദ്ധമാക്കിത്തീക്കവാൻ ഉത്സാഹിക്കട്ടെ. പഞ്ചാംഗം പുസ്തകശാല, കുന്നംകുളം. വില രണ്ടുറുപ്പികമാത്രം.